# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 11 November 2020




പേജ് 17

വില 20 രൂപ



# ലക്ഷ്യത്തിലേക്കുള്ള യാത്ര

**യാത്ര** പുറപ്പെട്ട ഒരു വ്യക്തിയെ, അദ്ദേഹത്തിന്റെ പരിചയക്കാരിൽ ആരെങ്കിലും കണ്ടാൽ ആദ്യം ചോദിക്കുന്ന ചോദ്യം താങ്കൾ എവിടെ പോകുകയാണ് എന്നായിരിക്കുമല്ലോ. എവിടെ പോകുന്നു എന്ന മറുപടി അദ്ദേഹം നൽകിയേക്കാം. കാരണം യാത്രയ്ക്ക് ഒരു ലക്ഷ്യസ്ഥാനമുണ്ടല്ലോ. ക്രിസ്തീയ ജീവിതത്തെ ഒരു യാത്രയോടു ഉപമിക്കാം. എത്തിച്ചേരേണ്ട സ്ഥലത്തെക്കുറിച്ചുള്ള കൃത്യമായ അറിവ് നമുക്കുണ്ടായിരിക്കണം. ക്രിസ്തുവാണ് നമ്മുടെ ലക്ഷ്യം. ക്രിസ്തുവിനെ നോക്കിയും ധ്യാനിച്ചും ക്രിസ്തുവിനെ തന്നെ നേടേണ്ടതിന് ക്രിസ്തുവിനെ ലക്ഷ്യമാക്കിയുള്ള ജീവിതമായിരിക്കണം നമ്മുടേത്. ഇപ്രകാരം ലക്ഷ്യബോധമുള്ള ക്രിസ്തീയജീവിതം നയിക്കുന്നവർ അവരുടെ ആത്മനാഥനായ ക്രിസ്തുയേശുവിന്റെ മടങ്ങിവരവിനായി ഒരുങ്ങിയും കാത്തും ഇരിക്കയെന്നത് ജീവിതത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമായിരിക്കണം.

ജീവിതം ലക്ഷ്യമുള്ളതാണങ്കിൽ ആ ലക്ഷ്യത്തിൽ എത്തുവാനുള്ള പ്രവർത്തികളായിരിക്കുമല്ലോ നാം ചെയ്യുക? കർത്താവിന്റെ മടങ്ങിവരവിൽ എടുത്തുകൊള്ളപ്പെടുക എന്ന ലക്ഷ്യത്തോടെ ജീവിക്കുമ്പോൾ, ആ ലക്ഷ്യപ്രാപ്തിയിൽ ഊന്നിയുള്ള പ്രവർത്തികളാണ് നാം ചെയ്യേണ്ടത്. ഇത് സാധ്യമാകണമെങ്കിൽ ഏത് നേരത്തും നാം ആത്മീകചിന്തകളാൽ ഭരിക്കപ്പെടുന്നവരായിരിക്കണം. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ രാജാവായും, ആരാധ്യനായും വാഴുന്ന ചിന്തയിലും പ്രവർത്തിയിലും മുഴുകിയുള്ള ജീവിതമായിരിക്കണം ദിനം തോറും നാം നയിക്കേണ്ടത്. ലക്ഷ്യത്തിൽ എത്തുന്നതിന് തടസ്സമായിരിക്കുന്ന എന്തിനെയും നീക്കിക്കളയുവാൻ പ്രതിജ്ഞാബദ്ധരായിരിക്കണം നാം ഓരോരുത്തരും.ലക്ഷ്യ ബോധമുള്ളവരാകുവാൻ നമ്മെ പ്രബോധിപ്പിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. നമ്മുടെ അകത്തെ മനുഷ്യന് പ്രചോദനവും ശക്തിയും പകരുന്നതാണ് അത്.

ദുരുപദേശങ്ങളും, വഴിതെറ്റിക്കുന്ന പഠിപ്പിക്കലുകളും നമ്മെ ആശയകുഴപ്പത്തിലാക്കാതെ സത്യോപദേശം ലഭിക്കുവാൻ വചനമെന്ന കലർപ്പില്ലാത്ത പാൽ കുടിക്കുവാൻ ആഹ്വാനം നൽകുന്നതാണ് സാജു മാത്യുവിന്റെ ലേഖനം. ദൈവവചനമാകുന്ന വിത്ത് വിതക്കുന്നവർ തളരാതെയും മടുത്തുപോകാതെയും ആർപ്പോടെ കൊയ്യുന്നത് ദീർഘവീക്ഷണത്തിൽ കണ്ടുകൊണ്ടു, ക്ഷമയോടെ പ്രവർത്തനം തുടരുവാൻ പ്രചോദിപ്പിക്കുന്നതാണ് ബാബു ചെറിയാന്റെ 'കൊയ്ത്തുകാലം വരവായി' എന്ന ലേഖനം.

മാനവകുലത്തിന് ദൈവം നൽകിയ അതുല്യമായ സംഭാവനയാണ് മനുഷ്യന്റെ രക്ഷ. ലോകത്തിന്റെ തത്വജ്ഞാനത്തിനോ സാഹിത്യത്തിനോ സംഗീതത്തിനോ മറ്റു യാതൊരു കലാസൃഷ്ടികൾക്കുമൊ അത് നേടിക്കൊടുക്കുവാൻ കഴിയുന്നതല്ല. പിതാവായ ദൈവം അത്യുത്തമ ദാനമായി മനുഷ്യ രക്ഷയ്ക്കായി നൽകിയത് തന്റെ പ്രിയ പുത്രനെ ആയിരുന്നു. യേശുകർത്താവും അത്യുത്തമമായ ദാനമായി സ്വജീവനെ നമുക്കു നൽകി. ആ സ്നേഹത്തിന്റ ആഴവും അഗാധതയും മനുഷ്യ ബുദ്ധിക്കു ഗ്രഹിക്കുവാൻ വലിയ പ്രയാസമാണ്. ഇത്രത്തോളം നമ്മെ സ്നേഹിച്ച മറ്റാരും ഇല്ല. ക്രിസ്തുവിനെ നേടുക എന്ന ലക്ഷ്യത്തോടെയാണ് നാം ഓരോരുത്തരും അവിടുത്തെ കാൽചുവടുകളെ അനുധാവനം ചെയ്യുവാൻ തീരുമാനിച്ചതും സമർപ്പിച്ചതും. ലക്ഷ്യം തെറ്റിക്കുവാൻ ആറായിരത്തിലേറെ വർഷങ്ങൾ പ്രവർത്തന പരിചയമുള്ള വഞ്ചകനായ പിശാച് കർമ്മ നിരതനായി നമുക്ക് എതിരെ ഉണ്ട് എന്നത് നാം മറക്കരുത്. അവന്റെ തന്ത്രങ്ങളെ ജയിക്കുവാൻ എഴുതപ്പെട്ട ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു ജാഗ്രതയോടെ മുന്നേറുവാൻ നമ്മെ പ്രബോധിപ്പിക്കുന്നതാണ് ഈ ലക്കത്തിലെ മറ്റു ലേഖനങ്ങളും.

നേർവീഥി മാസികയുടെ ഈ ശുശ്രൂഷ ഓരോ വായനക്കാർക്കും ഒരു അനുഗ്രഹമായി ഭവിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം സമർപ്പിച്ചുകൊള്ളുന്നു.

പുസ്തകം 9 ലക്കം 11
നവംബർ 2020

# ഈ ലക്കത്തിൽ

**ഭോഷത്വം സംഭവിക്കരുത്** 4
ജോയ് എം. തോമസ്

**മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ** 7
സാജു മാത്യു

**കൊയ്ത്തുകാലം വരവായി** 9
ബാബു ചെറിയാൻ

**വീണ്ടെടുപ്പുകാരന്റെ മനസ്സിനോട് അനുരൂപപ്പെടുക** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**ജീവന്റെ പുതുക്കത്തിൽ നടക്കുന്നത് എങ്ങനെ?** 13
ചെയ്സ് ജോസഫ്

**കർത്താവിന്റെ മടങ്ങിവരവ് ഈ നാളുകളിൽ....** 15
ഡോ.സജികുമാർ കെ. പി

**അത്യപൂർവമായ ന്യായവിധി** 17
പി.വി.വർഗീസ്

**വിജ്ഞാനവീഥി (മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ)** 20

**സാരോപദേശങ്ങൾ** 21
എൽസി ജോയ്

**വനിതാ വീഥി** 23
സുനന്ദ കോശി

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**നേട്ടങ്ങളെക്കാൾ വലുത് വിശ്വസ്തത** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**

എഡിറ്റർ
**പി.വി വർഗീസ്**

കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**

പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**

മാനേജർ
**ഷാജി ഉമ്മൻ**

അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

# ഭോഷത്വം സംഭവിക്കരുത്

തങ്ങൾ ഭോഷന്മാരാണ് എന്നു സമ്മതിക്കുവാൻ ആരും തന്നെ തയ്യാറാകുകയില്ല. എത്ര ബുദ്ധിപരമായും കണക്കു കൂട്ടി ക്ലിപ്തപ്പെടുത്തിയുമാണ് നാം കാര്യങ്ങൾ ചെയ്യുന്നത്. എന്നിട്ടും പല ഭോഷത്വങ്ങളും എപ്പോഴെങ്കിലും സംഭവിച്ചിട്ടില്ലേ? നമ്മുടെ കണക്കു കൂട്ടലുകൾ തെറ്റിയിട്ടില്ലേ?

ഏതെല്ലാം നഷ്ടങ്ങൾ സംഭവിച്ചാലും, കണക്കുകൾ തെറ്റിയാലും നമുക്ക് ഭോഷത്വം സംഭവിക്കാതെ ജാഗ്രതയുള്ളവരായിരിക്കേണ്ടത് എന്തിനെന്ന് നിങ്ങൾ ഗൗരവമായി ചിന്തിക്കുന്നുണ്ടോ? അത്, യേശുകർത്താവിന്റെ വരവിങ്കൽ കൈവിടപ്പെട്ടുപ്പോകരുത് എന്നതിനാണ്.

പത്തു കന്യകമാരുടെ ഉപമയിലൂടെ കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്ന ഗൗരവമായ ഒരു വിഷയമാണ് 'ബുദ്ധിഹീനരാകരുത്' എന്നത്. പത്തു കന്യകമാരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിഹീനരും ആയിരുന്നല്ലോ. ബുദ്ധിഹീനർ തങ്ങളുടെ ഭോഷത്വം വളരെ വൈകിയാണ് മനസ്സിലാക്കിയത്. തിരുത്തുവാൻ സാധ്യതയില്ലാതവണ്ണം സമയം വൈകിയിരുന്നു. നമ്മിൽ ആർക്കും അങ്ങനെ സംഭവിക്കരുത്.

ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ മന്ദബുദ്ധികൾ ഒന്നും ആയിരുന്നില്ല. ഒരു പക്ഷെ, മറ്റുള്ളവരുടെ മുമ്പിൽ അവർ അതിബുദ്ധിമതികൾ തന്നെ ആയിരുന്നിരിക്കണം. വിളക്കിൽ ഉള്ള എണ്ണ തീർന്നു പോകില്ല എന്നവർ ഉറപ്പായി കരുതി. അഥവാ ഏതെങ്കിലും കാരണത്താൽ തീർന്നുപോയാൽ വിളക്കോടുകൂടെ കുപ്പിയിൽ എണ്ണയും കരുതിയിരിക്കുന്ന ബുദ്ധിയുള്ള മറ്റെ അഞ്ചുപേരുടെ എണ്ണയിൽ നിന്ന് 'അഡ്ജസ്റ്റ്' ചെയ്യാം എന്ന് അവർ കരുതി. പക്ഷെ, എന്താണ് സംഭവിച്ചത്. അവരുടെ കണക്കുക്കൂട്ടൽ അപ്പാടെ തെറ്റിപ്പോയി. മണവാളൻ വരുന്നു എന്ന ആർപ്പുവിളി കേട്ട് വിളക്ക് തെളിയിച്ചപ്പോൾ മാത്രമാണ് അവർ ആ സത്യം ഗ്രഹിച്ചത്, വിളക്കിലെ എണ്ണ തീർന്നുപോയിരിക്കുന്നു. മറ്റേ അഞ്ച് പേരുമായി അഡ്ജസ്റ്റ് ചെയ്യാം എന്ന കണക്കുക്കൂട്ടലും തെറ്റി. ബുദ്ധിയുള്ളവരുടെ മറുപടി വിവേകത്തോടെയായിരുന്നു. 'ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്ന് വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവീൻ' എന്നായിരുന്നു അവരുടെ മറുപടി.

**അവരുടെ കണക്കുക്കൂട്ടൽ അപ്പാടെ തെറ്റിപ്പോയി. മണവാളൻ വരുന്നു എന്ന ആർപ്പുവിളി കേട്ട് വിളക്ക് തെളിയിച്ചപ്പോൾ മാത്രമാണ് അവർ ആ സത്യം ഗ്രഹിച്ചത്, വിളക്കിലെ എണ്ണ തീർന്നുപോയിരിക്കുന്നു. മറ്റേ അഞ്ച് പേരുമായി അഡ്ജസ്റ്റ് ചെയ്യാം എന്ന കണക്കുക്കൂട്ടലും തെറ്റി. ബുദ്ധിയുള്ളവരുടെ മറുപടി വിവേകത്തോടെയായിരുന്നു. 'ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്ന് വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവീൻ' എന്നായിരുന്നു അവരുടെ മറുപടി.**

ജീവിതത്തെക്കുറിച്ച് എല്ലാവർക്കും ഓരോ കണക്കൂട്ടൽ ഉണ്ട്. ഈ വരികൾ വായിക്കുന്ന നിങ്ങൾക്കും നിങ്ങളുടേതായ കണക്കൂട്ടൽ ഉണ്ട്. നമ്മുടെ ബുദ്ധിയിൽ ഊന്നിയുള്ള ഈ കണക്കുക്കൂട്ടൽ ആത്മീയ ജീവിതത്തെ സംബന്ധിച്ച് ഗുണകരമായി എന്നു വരില്ല. ആത്മീയ ജീവിതം ദൈവത്തിന്റെ ഇഷ്ടത്തിനു തന്നെ മുൻഗണന കൊടുത്ത് ആയിരിക്കണം.

ഈ വിഷയത്തെ സംബന്ധിച്ച് അപ്പോസ്തലനായ പൗലോസ് നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക. ''ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ" (എഫെസ്യർ 5:15,16,17). മണവാളനെ എതിരേൽപ്പാൻ തിരഞ്ഞെടുക്കപ്പെട്ട കന്യകമാരിൽ ഞാനും ഒരുവൾ ആണെന്നു പറയുകയും അങ്ങനെ വിശ്വസിച്ച് മണവാളനെ എതിരേൽപ്പാൻ ആശിച്ചിരുന്ന അഞ്ചുപേർ ബുദ്ധിഹീനരായിത്തീർന്നതുപോലെ നമുക്ക് സംഭവിക്കാതിരിക്കുവാൻ പൗലോസ് നൽകുന്ന പ്രബോധനം മനസ്സിലാക്കി ഉൾക്കൊള്ളുവാൻ കഴിയണം. ഞാനും ദൈവപൈതലാണ്, കർത്താവിന്റെ വരവിൽ വിശ്വസിക്കയും കാത്തിരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് എന്ന് പറഞ്ഞുകൊണ്ടിരുന്നാൽ പോരാ, കർത്താവിന്റെ വരവിനായി ഒരുങ്ങുക എന്നത് ഗൗരവമായി തന്നെ കണ്ട് ഒരുങ്ങേണ്ടതു പോലെ ഒരുങ്ങണം.

അപ്പോസ്തലനായ പൗലോസ് നൽകുന്ന പ്രബോധനത്തിൽ **സൂക്ഷ്മതയുള്ളവരാകുക** എന്നതാണ് ഒന്നാമതായുള്ളത്. ഉണർന്നിരിക്കുക എന്ന് പറയുന്നതും സൂക്ഷ്മതയുള്ളവരാകുക എന്നതു തന്നെയാണ്. സൂക്ഷ്മത വിവേകമാണ്. വിവേകമുള്ളവർ എല്ലാറ്റിനെയും വിവേചിച്ചു മനസ്സിലാക്കും. ശരി ഏതെന്ന് തിരഞ്ഞ് കണ്ടു പിടിക്കും. അപകടം മനസ്സിലാക്കി, തെറ്റായുള്ള കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറും. ''ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ" (മത്തായി 24:4) എന്ന കർത്താവിന്റെ മുന്നറിയിപ്പും ഇതിനോടു ചേർത്തുവായിക്കണം.

**ജ്ഞാനികളായി നടക്കണം** എന്നതാണ് രണ്ടാമത്തെ പ്രബോധനം. ജ്ഞാനികളായി നടക്കുക എന്നുപറഞ്ഞാൽ വിവേകികളായി

**നമ്മുടെ ആയുസ്സ് സമയബന്ധിതമാണ്. ഒരുങ്ങുന്നതിനു ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടത് സമയമാണ്. അതിനാൽ സമയം പാഴാക്കിക്കളയരുത്. മരണാനന്തര ജീവിതമായ നിത്യതയ്ക്ക് പ്രയോജനപ്പെടാത്ത എല്ലാ നേട്ടങ്ങളും പാഴാണ്. പാഴാകുന്ന കാര്യങ്ങൾക്കു വേണ്ടി സമയം ചിലവിടുന്നതാണ് സമയം പാഴാക്കുന്നു എന്നതിനാൽ അർത്ഥമാക്കുന്നത്.**

ജീവിക്കുക എന്നാണർത്ഥം. ജീവിതം നാം എടുക്കുന്ന തീരുമാനങ്ങളുടെയും, തെരഞ്ഞെടുപ്പുകളുടെയും ആകെത്തുകയാണ്. തെരഞ്ഞെടുപ്പും, തീരുമാനങ്ങളും തെറ്റുമ്പോൾ ജീവിതം ശരിയായ ട്രാക്കിൽ നിന്നും വ്യതിചലിക്കുന്നു. ഇത് ജീവിതത്തിന്റെ ലക്ഷ്യം തെറ്റിക്കുന്നതാണ്. അതിനാൽ ലക്ഷ്യത്തിൽ ഊന്നി, ലക്ഷ്യത്തിൽ എത്തുന്നതുവരെ ശരിയായ വഴിയിലൂടെ ഒരു യാത്രയായിരിക്കണം നമ്മുടെ ജീവിതം. അപ്പോൾ മാത്രമേ നമ്മുടെ ജീവിതം നാം ജീവിച്ചു എന്ന് പറയുവാൻ കഴിയൂ. അതിനാൽ നിത്യതയെ ഉറപ്പിക്കുന്ന ശരിയായിട്ടുള്ളത് തിരഞ്ഞെടുക്കുവാനും ശരിയായ തീരുമാനങ്ങൾ എടുത്ത് നടപ്പിൽ വരുത്തി ജീവിതത്തിൽ ലക്ഷ്യത്തിലേക്ക് മുന്നേറുന്നവരാകുവാൻ നമുക്ക് ഉത്സാഹിക്കാം.

**സമയം തക്കത്തിൽ ഉപയോഗിക്കുക** എന്നതാണ് മൂന്നാമതു നൽകിയിരിക്കുന്ന പ്രബോധനം. നമ്മുടെ ആയുസ്സ് സമയബന്ധിതമാണ്. ഒരുങ്ങുന്നതിനു ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടത് സമയമാണ്. അതിനാൽ സമയം പാഴാക്കിക്കളയരുത്. മരണാനന്തര ജീവിതമായ നിത്യതയ്ക്ക് പ്രയോജനപ്പെടാത്ത എല്ലാ നേട്ടങ്ങളും പാഴാണ്. പാഴാകുന്ന കാര്യങ്ങൾക്കു വേണ്ടി സമയം ചിലവിടുന്നതാണ് സമയം പാഴാക്കുന്നു എന്നതിനാൽ അർത്ഥമാക്കുന്നത്. അതുകൊണ്ട് നമ്മുടെ സമയം എന്തിനുവേണ്ടി ഉപയോഗിക്കണം എന്നും, എങ്ങനെ ഉപയോഗിക്കണം എന്നും നാം അറിഞ്ഞിരിക്കണം. ഒഴുക്കിനൊത്ത് ഒഴുകുന്ന പ്രകൃതമായിരിക്കരുത് നമ്മിൽ ആരുടേതും.

സമയം തക്കത്തിൽ ഉപയോഗിക്കുവാൻ കഴിയുന്നത് വിവേകം തന്നെയാണ്. ജീവിതവിജയത്തിന്റെ ശരിയായ മാനദണ്ഡമാണത്. ചെയ്യേണ്ടത് ചെയ്യേണ്ടതുപോലെ സമയത്ത് ചെയ്യു

മ്പോഴാണ് സമയം തക്കത്തിൽ ഉപയോഗിക്കപ്പെടുന്നത്. അവസരം നഷ്ടപ്പെടുന്നവർക്കു വീണ്ടും അവസരങ്ങൾ ലഭിക്കും എങ്കിലും സമയം നഷ്ടപ്പെടുന്നു. തിരിഞ്ഞുനോക്കിയാൽ നാം എല്ലാവരും സമയം നഷ്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദൈവത്തിൽ ആശ്രയിച്ച്, പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് ജീവിക്കുന്നതിൽ സമർപ്പിതരായാൽ നമ്മുടെ സമയം തക്കത്തിൽ ഉപയോഗിക്കുവാൻ കാര്യസ്ഥനായ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും.

**കർത്താവിന്റെ ഇഷ്ടം തിരിച്ചറിയുക** എന്നതാണ് നാലാമത്തെ പ്രബോധനം. കർത്താവിന്റെ ഇഷ്ടം അറിയുവാനുള്ള അന്വേഷണവും, ദൈവ ഇഷ്ടം ചെയ്യുന്നതിനുള്ള വാഞ്ഛയും നമ്മിൽ ഉണ്ടായിരിക്കണം. ഈ അഭിവാഞ്ഛ എത്ര അധികം നമ്മിൽ ഉണ്ടോ അത്രയും നാം ദൈവ ഇഷ്ടം ചെയ്യുകയും, തുടർന്നും ചെയ്യുവാൻ ഉത്സാഹിക്കുകയും ചെയ്യും. ദൈവ ഇഷ്ടത്തിന്റെ വെളിപ്പാടാണ് ദൈവത്തിന്റെ വചനം നൽകുന്നത്. ദൈവ ഇഷ്ടം അറിയുവാൻ ആഗ്രഹിക്കുന്നവർ ദൈവ വചനത്തെ സ്നേഹിക്കുന്നവരും, ദൈവവചനം ശ്രദ്ധാപൂർവ്വം ധ്യാനിക്കുന്നവരും ആയിരിക്കണം. വചനം അനുസരിക്കുവാനുള്ള മനസ്സൊരുക്കത്തോടെ ദൈവവചനം വായിച്ചു ധ്യാനിക്കുന്നവർക്ക് ദൈവം തന്റെ ഇഷ്ടം ഓരോ വിഷയത്തിലും വെളിപ്പെടുത്തികൊടുക്കും.

ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ എന്ന പ്രബോധനം നാം ശ്രദ്ധയോടെ ഉൾക്കൊള്ളണം. കർത്താവിന്റെ ഇഷ്ടം ഗ്രഹിക്കുന്നതിൽ ബുദ്ധിഹീനരാകുമ്പോഴാണ് നാം ഭോഷന്മാരാകുന്നത്. കർത്താവിനെ അറിയുമ്പോഴാണ് കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് നാം തിരിച്ചറിയുന്നത്. ദൈവവചനം ധ്യാനിക്കുമ്പോഴെല്ലാം നമ്മുടെ യഥാർത്ഥ ആഗ്രഹം കർത്താവിനെ അറിയുക എന്നതായിരിക്കണം. കർത്താവിനെ അറിഞ്ഞുതുടങ്ങുമ്പോൾ കൂടുതൽ അറിയുവാനുള്ള ആഗ്രഹം ആ വ്യക്തിയിൽ ഉണ്ടായിക്കൊണ്ടിരിക്കും. ഈ അഭിവാഞ്ഛയാണ് കർത്താവിനെ അറിയുന്നു എന്നതിന്റെ തെളിവായിരിക്കുന്നത്.

കർത്താവിനെ അറിയുന്നവർ അവന്റെ ഇഷ്ടം അറിയുകയും, ദൈവ ഇഷ്ടം ചെയ്യുമ്പോൾ കർത്താവിനെ അനുകരിക്കുന്നവരായിത്തീരുകയും ചെയ്യുന്നു. കർത്താവിനെ അനുകരിക്കുന്നവരാണ് യഥാർത്ഥത്തിൽ കർത്താവിനെ അനുഗമിക്കുന്നവർ. ലോകത്തിന്റെ കാഴ്ചയിൽ അവർ ഭോഷന്മാരായിരുന്നാലും കർത്താവിന് അവർ ബുദ്ധിയുള്ളവരാണ്. കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടുമ്പോഴാണ് അവരുടെ ജീവിതം ധന്യമായിരുന്നു എന്ന് തെളിയിക്കപ്പെടുന്നത്. അവർ ആകാശത്തിലെ പ്രഭ പോലെ എന്നുമെന്നും ശോഭിക്കും.

അതുകൊണ്ട് സൂക്ഷ്മതയുള്ള ജ്ഞാനികളായി സമയം തക്കത്തിൽ ഉപയോഗിച്ച് കൊണ്ടു കർത്താവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് ചെയ്യുന്നവരായിരിക്കുവാൻ കർത്താവ് നമുക്ക് ഓരോരുത്തർക്കും കൃപ തരട്ടെ. ഇതാ, കർത്താവിന്റെ വരവിന്റെ മാറ്റൊലികൾ നാം കേട്ടുകൊണ്ടിരിക്കുന്നു! ഞാൻ വീണ്ടും വരുമെന്ന യേശുവിന്റെ വാക്ക് നമ്മിൽ വിശ്വാസമായി പരിണമിക്കട്ടെ ■



**മുപ്പതും അറുപതും നൂറും മേനി വിളവു നൽകുന്ന നിലങ്ങളും വിളവൊന്നുമില്ലാതെ പതിരും വൈക്കോലും മാത്രമായി കാണപ്പെടുന്ന വയലുകളും തമ്മിൽ എന്തൊരന്തരമാണ്. ഒന്ന് കളപ്പുരയിലേക്കും മറ്റേത് തീയിലേക്കും പോകും. കൃഷി ചെയ്യുകയും കൃഷിയെ പരിപാലിക്കയും ചെയ്യുന്ന കൃഷിക്കാരന് ഫലമാണ് പ്രതീക്ഷ. നാം വെറുതെ മുളച്ചുവളരുന്ന കാട്ടുചെടികളോ, വയലിലെ കളകളോ അല്ലല്ലോ, ഒരുക്കിയ നിലത്ത് ഉടയവൻ നട്ട തൈകളാണെന്നോർക്കുക.**

**കെ.വി.ആർ**



സാജു മാത്യു

# മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ

അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന കുഞ്ഞ് ഒമ്പതു മാസവും ജീവിക്കുന്നത് പൊക്കിൾക്കൊടി വഴി അമ്മയിൽനിന്നു ലഭിക്കുന്ന പോഷകങ്ങളിലൂടെയാണ്. ഉദരത്തിനു പുറത്തുനിന്നു ഒന്നും ഒരു ഗർഭസ്ഥശിശു സ്വീകരിക്കുന്നില്ല.

കുഞ്ഞു ജനിച്ചാലോ, അതു ആദ്യം പരതുന്നതു പാൽ ചുരത്തുന്ന അമ്മയുടെ നെഞ്ചാണ്. കാരണം, ഇപ്പോൾ ജനിച്ച ശിശുവിനു പോഷകമായി ലഭിക്കുന്നത് അമ്മ ചുരത്തുന്ന അമ്മിഞ്ഞപ്പാലാണ്!

നാം വീണ്ടും ജനിച്ചതുതന്നെ ദൈവത്തിന്റെ വചനത്താലാണെന്നു പത്രോസ് പറയുന്നു: 'കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽതന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രോസ്1: 23). അതെ, നാം വീണ്ടും ജനിച്ചത് വചനത്താലാണ്! വചനം ജഡമായിത്തീർന്ന യേശുവിന്റെ (യോഹന്നാൻ 1:14) – ആ ദൈവകുഞ്ഞാടായ ക്രിസ്തുവിന്റെ നിർദോഷവും നിഷ്കളങ്കവുമായ രക്തത്താൽ (1 പത്രോസ് 1:18,19). നാം വീണ്ടും ജനിച്ചിരിക്കുന്നു എന്നു പത്രോസ് ഓർപ്പിക്കുന്നു. എന്നാൽ, നമ്മുടെ വേദഭാഗത്ത് (1 പത്രോസ് 2: 1–8) പത്രോസ് പറയുന്നത്, വചനത്താൽവീണ്ടും ജനിച്ചവർ വചനത്തിൽതന്നെ വളരണം എന്നാണ്!

നിങ്ങളുടെ വീണ്ടും ജനനത്തിനു നിങ്ങൾ പുറത്തുനിന്നു ഒന്നും സ്വീകരിച്ചിട്ടില്ല. പൂർണമായും അതൊരു ദൈവപ്രവൃത്തിയായിരുന്നു. വീണ്ടും ജനിച്ച നിങ്ങൾ 'രക്ഷയ്ക്കായി' വളരണം! കുഞ്ഞു ജനിച്ചതു എത്ര ആരോഗ്യത്തോടെയാണെങ്കിലും ജനിച്ചതുകൊണ്ടുമാത്രം ഒരു കുഞ്ഞും വളരുന്നില്ല. ജനനം പോലെ പ്രധാനമാണ് വളർച്ചയും. നന്നായി ജനിച്ചതുകൊണ്ടു മാത്രം കാര്യമില്ല, നന്നായി വളരുകയും ചെയ്താലേ കുഞ്ഞു "രക്ഷപ്പെടുക"യുള്ളൂ (1 പത്രോസ് 2: 1)

വീണ്ടും ജനിക്കുവാൻ നിങ്ങൾ ദൈവത്തിൽനിന്നു മാത്രമേ സ്വീകരണം നടത്തിയിട്ടുള്ളുവെങ്കിൽ വളരുവാനും നിങ്ങൾ ദൈവത്തിൽനിന്നു മാത്രമേ എന്തും സ്വീകരിക്കാവൂ. പുതുതായി ജനിച്ച കുഞ്ഞിനു ജീവനും വളർച്ചയ്ക്കും ആധാരം അമ്മയുടെ മുലപ്പാലാണ്. എന്നതുപോലെ വീണ്ടും ജനിച്ച ദൈവപൈതലിനു ജീവനും വളർച്ചയ്ക്കും ആധാരം അമ്മയുടെ മുലപ്പാൽപോലെ ചുരത്തപ്പെടുന്ന ദൈവവചനമാണ്!

അമ്മയുടെ പാൽ കുഞ്ഞിനു അനിവാര്യമാണെന്നു മാത്രമല്ല പര്യാപ്തവുമാണ്. കുഞ്ഞ് അതു ആവോളം കുടിക്കണമെന്നു മാത്രം! ചിലപ്പോഴൊക്കെ ചില മാതാക്കൾക്കു കുഞ്ഞിനു ആവശ്യമായത്രയും പാൽ ചുരത്തുവാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ ദൈവത്തിന്റെകാര്യത്തിൽ ആ പേടി വേണ്ട. അവൻ എൽ- ഷദായിയാണ് (സർവനിറവുകളുടെയും ദൈവം–All sufficient God)! ഏൽ-ഷദായി എന്ന വാക്കിനെതന്നെ വിശദീകരിച്ചു പഠിച്ചാൽ അനേക അകിടുകളുടെ ദൈവം (God with many breasts) എന്നു വേണമെങ്കിൽ തർജമ ചെയ്യാം. അനേക അകിടുകൾ മാറിമാറി ചുരത്തുമ്പോൾ, എത്ര നുകർന്നാലും തീരാത്ത നിലയിൽ പാൽ നല്കി കൊണ്ടേയിരിക്കുന്ന ദൈവം!

ദൈവത്തിന്റെ വചനം, താൻ ജനിപ്പിച്ച

## മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ

മക്കൾക്കായി ചുരത്തിക്കൊടുക്കുന്ന പാലാണ്! ദൈവത്തിൽനിന്നു ജനിച്ചവൻ വളരേണ്ടതു വചന മെന്ന മായമില്ലാത്ത പാൽ കുടിച്ചുകൊണ്ടാണ്. ലോകത്തിൽനിന്നും ഒന്നും സ്വീകരിച്ചുകൂടാ. ലോകം എപ്പോഴും ദൈവത്തിൽനിന്നു ജനിച്ച കുഞ്ഞിനെ തകർത്തുകളയുവാനാണ് ആഗ്രഹിക്കു ന്നത്. അതിനു ലോകം കണ്ടുപിടിച്ചിരിക്കുന്ന മാർഗം ലോകത്തിന്റെ മലിനതകൾകൊണ്ടു ദൈവ ത്തിന്റെ പൈതലിനെ പോഷിപ്പിക്കാൻ പരിശ്രമിക്കു കയാണ്! മധുരം കലർത്തിയ വിഷവുമായി ലോകം പ്രലോഭനപ്പെരുമഴ ചൊരിയുന്നു... ദൈവ ത്തിൻനിന്നു ജനിച്ചിരിക്കുന്ന കുഞ്ഞ് എന്തു ചെയ്യും? അമ്മയുടെ പാലിൽ മുഖം പൂഴ്ത്തി അമ്മി ഞ്ഞപ്പാലിൽ സംതൃപ്തികണ്ടെത്തുന്ന കുഞ്ഞിനെ തൊടുവാൻ ലോകത്തിനു കഴിയില്ല. അതു വള രുക തന്നെ ചെയ്യും. മുഖമൊന്നു തിരിച്ചാൽ, തിരിഞ്ഞൊന്നു ചരിച്ചാൽ ലോകം മായിക പ്രലോ ഭനങ്ങളുമായെത്തുകയായി... മധുരമായിരിക്കും ലോകത്തിന്റെ വാഗ്ദാനം. എന്നാൽ, വിഷമാണത്. മരണമാണ് അതിനൊടുക്കം. അതിനാൽ പത്രൊസ് പറയുന്നു: "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ്; ഇപ്പോൾ ജനിച്ച ശിശു ക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ' (1 പത്രൊസ് 2: 1,2)

"നീക്കിക്കളയുവിൻ" എന്നു പത്രൊസ് പറയു വാൻ കാര്യമുണ്ട്. നാം ദൈവപൈതലായത് ഒരു രണ്ടാം (വീണ്ടും) ജനനത്താലാണ്. ഈ വീണ്ടുംജനനം പഴയതിന്റെ ഒരു തുടർച്ചയല്ല; തീർത്തും പുതിയതാണ്. പുതിയ ജന്മത്തിൽ പഴ യതിന്റെയൊന്നും ബാക്കിവയ്ക്കുവാൻ പാടില്ല. ഇപ്പറഞ്ഞതൊക്കെ- ദുഷ്ടതയും ചതിവും വ്യാജ ഭാവവും അസൂയയും നുണയും എല്ലാം- നമ്മുടെ ഒന്നാം ജന്മത്തിലുണ്ടായിരുന്നു. അതിലാണ് നാം വളർന്നുവന്നത്. എന്നാൽ വീണ്ടുംജനനം തികച്ചും പുതിയതാണ്; പഴയതിന്റെ ബാക്കിയൊന്നും അതിൽ ഉണ്ടാകുവാൻ പാടില്ല.

"നീക്കിക്കളവിൻ" എന്നതിനു 'ഉരിഞ്ഞുകള വിൻ' എന്നാണർഥം. പഴയവസ്ത്രം ഉരിഞ്ഞുകള യുന്നതുപോലെ നാം നമ്മുടെ പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നു. ഒന്നു കൂടെ കൃത്യമായ ഉദാ ഹരണം പാമ്പു പടം പൊഴിക്കുന്നതാണ്. പടം പൊളിച്ചുകളയുന്ന പാമ്പ് പുറം പൊളിഞ്ഞവനല്ല! മനോഹരമായ ഒരു പുത്തൻ പടം അതിനു ലഭി

**മധുരം കലർത്തിയ വിഷവുമായി ലോകം പ്രലോഭനപ്പെരുമഴ ചൊരി യുന്നു... ദൈവത്തിൻനിന്നു ജനി ച്ചിരിക്കുന്ന കുഞ്ഞ് എന്തു ചെയ്യും? അമ്മയുടെ പാലിൽ മുഖം പൂഴ്ത്തി അമ്മിഞ്ഞപ്പാലിൽ സംതൃപ്തികണ്ടെത്തുന്ന കുഞ്ഞിനെ തൊടുവാൻ ലോക ത്തിനു കഴിയില്ല. അതു വളരുക തന്നെ ചെയ്യും**

ച്ചിട്ടുണ്ട്. പിന്നീട് ഒരിക്കലും അതു പൊഴിച്ചുകള ഞ്ഞപഴയ തൊലിതിരക്കി നടക്കില്ല. പഴയപടം കാണുന്നതുതന്നെ അതിനു അറപ്പാണ്!

ദൈവത്തിൽനിന്നു ജനിച്ചവൻ അവന്റെ പഴയ പടം ഉരിഞ്ഞുകളഞ്ഞവനാണ്. സകല ദുഷ്ടതയും അവൻ ഉരിഞ്ഞുകളഞ്ഞു. ദുഷ്ടത ഇവിടെ എല്ലാ പാപങ്ങൾക്കുമായുള്ള ഒരു പൊതുപേരാണ്. അതു ഹൃദയത്തിൽ അടിഞ്ഞുകൂടുന്ന അസംതൃപ്തി വളർന്നു കട്ടിപിടിച്ച് ദുഷ്ടത പദ്ധതിയിടുകയും ദുഷ്ടത പ്രവർത്തിക്കുകയും മറ്റുള്ളവരുടെമേൽ നിപതിക്കുന്ന ദുരന്തങ്ങളിൽ സന്തോഷിക്കുകയും ചെയ്യുന്നതാണ്.

ദുഷ്ടമനസ്സിൽനിന്നാണ് മറ്റെല്ലാ പാപങ്ങളും ഉട ലെടുക്കുന്നത്. ദുഷ്ടതയിൽ നിന്നാണ് ചതിവു (Trickery) ഉണ്ടാകുന്നത്. നമ്മുടെ സ്വന്തം താത്പ ര്യങ്ങളെ സംരക്ഷിക്കുവാൻ സ്വന്തം അജണ്ട മറ ച്ചുവച്ച് (hidden agenda) മറ്റുള്ളവരെ ഉപയോഗി ക്കുന്നതാണ് ചതിവ്!

വ്യാജഭാവം (hypocrisy) അഭിനയമാണ്. ആത്മീയതയിൽ അഭിനയിക്കുന്നവൻ ഭക്തി അഭി നയിക്കുന്നു. സാധാരണ ലോകത്ത് അഭിനയിക്കു ന്നവൻ സൗഹൃദം അഭിനയിക്കുന്നു.

പിന്നീടുള്ളത് അസൂയയാണ്! അസൂയ പഴയ ഉടുപ്പാണ്; അറപ്പുതോന്നിക്കുന്ന പഴയ പാമ്പിൻ പട മാണ്! അസൂയയുടെ പ്രശ്നം, അസൂയയിൽനി ന്നാണ് നുണ ഉണ്ടാകുന്നത് എന്നതാണ്!

ചുരുക്കത്തിൽ പത്രൊസ് ആവശ്യപ്പെടുന്നത് ദുഷ്ടത, ചതിവ്, വ്യാജഭാവം, അസൂയ, നുണ എന്നീ പഴയമനുഷ്യനെ ഉരിഞ്ഞുകളയുവാനാണ്. "സകല" ദുഷ്ടതയും"എല്ലാ" ചതിവും വ്യാജഭാ വവും "എല്ലാ" നുണയും നീക്കികളയണം. ദുഷ്ട തയുടെ ചെറിയ കണികപോലും ബാക്കിവയ്ക്കരു ത്. പരിചയസമ്പന്നനായ ഒരു ഭിഷഗ്വരൻ (Doctor)

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# കൊയ്ത്തുകാലം വരവായി

**കൊയ്ത്തുകാലത്തിൽ നാം സന്തോഷിച്ചും**
**കറ്റകൾ ചുമന്നും കൊണ്ടു വന്നീടും**

**വിതച്ചീടുക നാം സ്വർഗ്ഗത്തിന്റെ വിത്താം**
**കർത്തൻ സുവിശേഷം ഹൃദയങ്ങളിൽ**
**ആത്മമാരി പെയ്യും ദൈവം കൃപ ചെയ്യും**
**തരും കൊയ്ത്തിനെയും തക്കകാലത്തിൽ...**

വിതയോടുള്ള ബന്ധത്തിൽ വിത്താണ് പ്രധാനം. വിത്തുഗുണം പത്തു ഗുണമെന്നാണല്ലോ പറയുന്നത്. മനുഷ്യഹൃദയമാകുന്ന വയലുകളിലേക്ക് വിതയ്ക്കാവുന്ന ചിന്തകളിൽ ഏറ്റം പ്രധാനം ദൈവവചനമാണ്. അനേക ചിന്തകളും പുസ്തകങ്ങളും ഇന്നു ലഭ്യമാണ്. എന്നാൽ അതിൽ പലതും നെഗറ്റീവ് ചിന്തകളാണ്. അഥവാ ചിലതൊക്കെ പോസിറ്റീവായിട്ടുണ്ടെങ്കിൽ തന്നെ അതും സെൽഫ് സെന്റേർഡാണ് (സ്വയം കേന്ദ്രീകൃതം) ഭൗതീകതക്കപ്പുറം ചിന്തിപ്പിക്കാനുതകുന്ന ഒന്നും തരാൻ ഇവിടെ ഒരു ചിന്ത കന്മാർക്കും കഴിയുന്നില്ല എന്നതാണ് സത്യം.

ദൈവവചന ചിന്തയുടെ അതിപ്രധാന മാഹാത്മ്യം അതു മരണത്തിനപ്പുറം ചിന്തിക്കാനും, കാണാനും നമ്മെ സഹായിക്കുന്നു എന്നുള്ളതാണ്. ഇഹലോക ജീവിതത്തിനപ്പുറം ഒരു ജീവിതമുണ്ടെങ്കിൽ അതിനെ കുറിച്ചല്ലേ നാം കൂടുതൽ ചിന്തിക്കേണ്ടത്. നമ്മൾ ഇവിടെ ജനിക്കുന്നതിനു മുമ്പ് നാം ഇവിടെ ഉണ്ടായിരുന്നു എന്ന കാര്യം മറക്കരുത്. കൃത്യമായി പറഞ്ഞാൽ ഒൻപതു മാസം (270 ദിവസം) നിങ്ങൾ ഇവിടെ ഉണ്ടായിരുന്നു. നിങ്ങളുടെ അമ്മ പോയിടത്തൊക്കെ നിങ്ങളും പോയി. അമ്മ കഴിച്ചതൊക്കെ നിങ്ങൾക്കും കിട്ടി. അമ്മ കരഞ്ഞതും, അമ്മയെ മറ്റുള്ളവർ കരയിപ്പിച്ചതുമൊക്കെ നിങ്ങളെയും കരയിപ്പിച്ചു കാണും. എലിശബെത്ത് എന്ന അമ്മച്ചി പരിശുദ്ധാത്മാവിൽ നിറഞ്ഞു സന്തോഷിച്ചപ്പോൾ വയറ്റിൽ കിടന്ന കുട്ടിയും തുള്ളിയ കാര്യം തിരുവചനത്തിൽ കൃത്യമായി രേഖപ്പെടുത്തിയതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നാം ഇവിടെ ഉണ്ടായിരുന്നെങ്കിലും നമ്മെ അധികമാരും കണ്ടില്ല. അടുത്തറിയാവുന്ന ചിലർ മാത്രം അറിഞ്ഞു കാണും.

9 മാസത്തെ ഗർഭസ്ഥ ജീവിതം 90 വർഷത്തെ ഇഹലോക ജീവിതത്തിനുവേണ്ടിയുള്ള ഒരുക്കമായിരുന്നു എന്ന് ആർക്കാണറിയാത്തത്. അങ്ങ

**വചനം കെട്ടുപോകാത്ത വിത്താണ്. എത്ര കാലം കഴിഞ്ഞാലും ഈ വിത്ത് നശിക്കയില്ല. അതുകൊണ്ടുതന്നെ രാവിലെ നിന്റെ വിത്തു വിതയ്ക്ക; വൈകുന്നേരത്തും നിന്റെ കൈ ഇളച്ചിരിക്കരുത്. യൗവനത്തിലും വാർദ്ധക്യത്തിലും, ആരോഗ്യത്തിലും ക്ഷീണത്തിലും നമുക്കു വചനം വിതച്ചുകൊണ്ടിരിക്കാം.**

നെയെങ്കിൽ ഈ തൊണ്ണൂറ് അല്ലെങ്കിൽ എൺപതു കഴിയുമ്പോൾ അടുത്ത എൺപതിനായിരത്തിന്റെ ലോകം ആരംഭിക്കയായിരിക്കും. നിത്യത എത്ര കാലമായിരിക്കും എന്നു നിർണ്ണയിക്കുക പ്രയാസമാണ്, കാരണം അത് അവസാനിക്കുന്നില്ലല്ലൊ.

നിത്യതയുടെ ചിന്ത നമുക്കു തരുന്ന വചനത്തിനായി സ്തോത്രം. ഈ വചനം കെട്ടുപോകാത്ത വിത്താണ്. എത്ര കാലം കഴിഞ്ഞാലും ഈ വിത്ത് നശിക്കയില്ല. അതുകൊണ്ടുതന്നെ രാവിലെ നിന്റെ വിത്തു വിതയ്ക്ക; വൈകുന്നേരത്തും നിന്റെ കൈ ഇളച്ചിരിക്കരുത്. യൗവനത്തിലും വാർദ്ധക്യത്തിലും, ആരോഗ്യത്തിലും ക്ഷീണത്തിലും നമുക്കു വചനം വിതച്ചുകൊണ്ടിരിക്കാം. നിന്റെ കാലത്തു അതിന്റെ മുള കണ്ടില്ലെങ്കിൽ മക്കളുടെ കാലത്തെങ്കിലും അതു മുളയ്ക്കും നിശ്ചയം.

ഈ വിത്തു ഏതു കാലാവസ്ഥയിലും മുളയ്ക്കും. നരഭോജികളുടെ ഹൃദയത്തിലും, കൊലപാതകന്മാരുടെ ഹൃദയത്തിലും, മദ്യപന്മാരുടെ ഹൃദയമാകുന്ന മണ്ണിലും ഈ വിത്തു വളരെ നല്ല ഫലം തരുന്നുണ്ട്. ഇരുണ്ട ഭൂഖണ്ഡങ്ങളെ പ്രകാശമാനമാക്കിയത് ദൈവ വചനമല്ലേ? നമ്മുടെ കൊച്ചു കേരളം മറ്റേതൊരു സംസ്ഥാനത്തെക്കാൾ വെളിച്ചത്തിൽ ഇന്നും പ്രശോഭിക്കുന്നതു ദൈവവചനത്തിന്റെ സ്വാധീനത്താൽ മാത്രമാണ്. ഏതൊരു കഠിനപാപിയുടെ ഹൃദയത്തിലും ഈ വിത്തു മുളയ്ക്കും, എന്നു മാത്രമല്ല അത് അവന്റെ ഹൃദയത്തെ ആകമാനം രൂപാന്തരപ്പെടുത്തി ക്രിസ്താനുരൂപരാക്കും.

എന്നാൽ ഈ വിത്തു വിതയ്ക്കുന്നവൻ തളർന്നു മടുത്തുപോകാൻ സാദ്ധ്യത വളരെയുണ്ട്. കാരണം ചിലയിടങ്ങളിൽ മുളയ്ക്കുവാൻ വൈകുന്നു. ചിലതാകട്ടെ മുളച്ചാലും വേണ്ടതുപോലെ വളരുകയോ ഫലം കായ്ക്കയോ ചെയ്യുന്നില്ല. ചിലതാകട്ടെ കീടങ്ങളുടെ ആക്രമണത്താൽ ഫലശൂന്യമായിപ്പോകുന്നു. മറ്റു ചിലതാകട്ടെ പ്രകൃതി ദുരന്തത്താൽ തകർന്നു പോകുന്നു. അങ്ങനെ വിതയ്ക്കുന്ന പലരും മടുത്തുപോകുന്ന ഒരു കാലമാണീ കോവിഡ് കാലം. തളർന്നു പോകാഞ്ഞാൽ തക്ക സമയത്തു നാം കൊയ്യും എന്ന പ്രബോധനം മറക്കരുത് (ഗലാത്യർ 6 : 9). അകാലമരണങ്ങളും അപ്രതീക്ഷിത രോഗങ്ങളും അപകടങ്ങളും പലരേയും വിതയിൽ നിന്നു പിന്തിരിപ്പിച്ചിരിക്കുന്ന ഖേദകരമായ കാഴ്ച പലയിടത്തും കാണുന്നു. മടുക്കരുതേ, നമുക്കും ഒരു കൊയ്ത്തു വരുന്നു. കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും (സങ്കീർത്തനം 126 : 5, 6). ●

# ശരീരം വിട്ടു കർത്താവിനോടു കൂടെ

നമ്മുടെ പ്രിയപ്പെട്ട ആരെങ്കിലും മരിക്കുമ്പോൾ ക്രിസ്തുവിൽ ജീവിച്ച വ്യക്തിയാണെങ്കിൽ അയാൾക്കു മരണം മഹത്വത്തിലേക്കുള്ള കവാടം ആകുന്നു. അയാൾ ശരീരം വിട്ടു കർത്താവിനോടു കൂടെ വസിക്കുക ആകുന്നു. ഈ സത്യം വലിയ ആശ്വാസം ആണ് നമുക്ക് നൽകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം മരണം അജ്ഞാതമായ ഒരു സ്ഥലത്തേക്ക് ഉള്ള ഒരു ഏകാന്ത യാത്ര അല്ല. പ്രത്യുത ഈ ഭൂമിയിലെ ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും മദ്ധ്യേ നിന്ന് സ്വർഗീയ സന്തോഷത്തിലേക്കുള്ള അതി മഹത്തായ ഒരു പ്രൊമോഷൻ ആകുന്നു. ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ക്രിസ്തുവിൽ ആയിരുന്നവരും നമുക്ക് മുൻപേ അവിടേക്കു കടന്നു പോയിട്ടുള്ളവരും ആയ നമ്മുടെ പ്രിയപ്പെട്ടവരെയും നമുക്ക് അവിടെ കാണാം. എല്ലാറ്റിന്റെയും മകുടം ആയ അനുഭവം എന്ന നിലയിൽ നമ്മുടെ കർത്താവിനോടൊപ്പമുള്ള നിത്യ സാന്നിധ്യവും നമുക്ക് ആസ്വദിക്കാൻ കഴിയും. ഒരു വിശ്വാസി മരിക്കുമ്പോൾ ശരീരം ഭൂമിയിൽ അടക്കപ്പെടുന്നു എങ്കിലും ആത്മാവ് ക്രിസ്തുവിനോട് കൂടെ സന്തോഷിക്കുന്നു എന്നത് നമ്മെയും സന്തോഷിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരു യാഥാർഥ്യമാണ്.



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# വീണ്ടെടുപ്പുകാരന്റെ മനസ്സിനോട് അനുരൂപപ്പെടുക

**ഞാൻ** വാസ്തവമായി രക്ഷിക്കപ്പെട്ടുവോ?, എന്റെ പാപങ്ങൾ എല്ലാം വാസ്തവമായി ദൈവം ക്ഷമിച്ചുവോ? എന്നിങ്ങനെയുള്ള അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു വളരെ സമയം മിക്ക ക്രിസ്ത്യാനികളും പാഴാക്കുന്നതായി കാണാം. എന്നാൽ ഇതിലും മേൽത്തരമായ, ഉത്തമമായ കാര്യങ്ങൾ ആണ് ദൈവം നമുക്ക് നൽകുവാൻ ആഗ്രഹിച്ചു പദ്ധതിയിട്ടിരിക്കുന്നത് എന്നതാണ് സത്യം. ക്രിസ്തുവിന്റെ മനസുള്ളവരായി, ക്രിസ്തു ചിന്തിക്കുന്നതുപോലെ ക്രിസ്തുവിന്റെ ചിന്താമണ്ഡലത്തോട് നാം അനുരൂപപ്പെടണം എന്നതാണ് നമുക്കായുള്ള പിതാവിന്റെ പദ്ധതി. ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ പകർന്നത് ബാഹ്യമായ പ്രകടനങ്ങൾക്കോ, ഇളക്കപ്പെരുപ്പങ്ങൾക്കോ വേണ്ടിയല്ല, പ്രത്യുത ക്രിസ്തുവിന്റെ മനോഭാവവും ചിന്താഗതിയും സ്വഭാവവും ഉള്ളവരായി നമ്മെ ഉടച്ചുവാർക്കുക എന്നുള്ള മഹനീയമായ പ്രക്രിയ നമ്മിൽ നിറവേറ്റപ്പെടേണ്ടതിനാണ്. ക്രിസ്തു ചിന്തിക്കുന്ന അതേ വിധത്തിൽ നാമും ചിന്തിക്കയും ജീവിക്കുകയും ചെയ്യേണ്ടതിനാണ് പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ പകർന്നു നൽകിയത്.

**പൗലോസിന് ഈ വിഷയത്തിൽ ഉള്ള ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ നമുക്ക് ചിന്തിക്കാം:**

സാധാരണ മനുഷ്യന് ദൈവത്തിന്റെ ആത്മാവിന്റെ ദാനങ്ങൾ ഉൾകൊള്ളാൻ കഴിയാത്തതുകൊണ്ട് ലഭിക്കുന്നില്ല. അവന്റെ കാഴ്ചപ്പാടിൽ അത് ഭോഷത്വമാണ്. ആത്മികമായി ഗ്രഹിക്കേണ്ടതാകയാൽ അവനു അത് മനസിലാക്കുവാൻ സാധിക്കുന്നുമില്ല. ആത്മികൻ സകലത്തെയും സകലരെയും പരിശുദ്ധാത്മാവിൽ വിവേചിക്കുന്നു. എന്നാൽ അയാളെ വിവേചിക്കുവാൻ സാധാരണക്കാരന് കഴിയുന്നതുമല്ല. (1 കൊരിന്ത്യർ 2 :14,15,16). ക്രിസ്തുവിന്റെ മനസുള്ളവരായി, ക്രിസ്തു വിവേചിക്കുന്ന അതേ രീതിയിൽ നാമും വളർന്നു വരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ വെളിപ്പെടുത്തൽ വാസ്തവത്തിൽ നമ്മെ സ്തബ്ധരാക്കുന്നതല്ലേ!

ശിഷ്യരിൽ ക്രിസ്തുവിന്റെ മനസ്സ് രൂപപ്പെടുന്നതുവരെയും പൗലോസ് പ്രസവവേദന അനുഭവിക്കുന്നത് പോലെ ഞരങ്ങുകയാണ് എന്ന് ഗലാത്യർ

**മറ്റുള്ളവരെ വിധിക്കുന്ന പ്രക്രിയയിൽ മടുപ്പില്ലാതെ തുടർന്ന്, ഒടുവിൽ നാം വിധിക്കുന്ന വിധിയാൽ തന്നെ ദൈവത്താൽ വിധിക്കപ്പെടുവാൻ സ്വയം അവസരം ഒരുക്കുകയാണോ?**

4 :19 ൽ പ്രസ്താവിച്ചിരിക്കുന്നു. വിമർശകർക്ക് ഈ വെളിപ്പാട് വേദവിപരീതമായി തോന്നിയേക്കാം. ക്രിസ്ത്യാനി എന്ന വാക്കിൽ, ക്രിസ്തു പേരിൽ മാത്രം ഉണ്ടായിരിക്കുകയും, ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവം അഥവാ അവിടുത്തെ പ്രകൃതം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു നിലവാരം എത്രയോ ശോചനീയമാണ്.

അതായത് നാം രക്ഷിക്കപ്പെട്ടു സ്വർഗത്തിൽ പോവുക എന്നത് മാത്രമല്ല ദൈവം ലക്ഷ്യമാക്കുന്നത്, പ്രത്യുത ക്രിസ്തു നമ്മിൽ ഉരുവായി നമ്മിലൂടെ ജീവിച്ച്, അവിടുത്തെ ദിവ്യസ്വഭാവങ്ങൾ ആകർഷകമായ സൗരഭ്യം എന്ന പോലെ മറ്റുള്ളവർക്ക് പ്രായോഗിക തലത്തിൽ അനുഭവമാകണം എന്നതാണ്. ഒരു റോസാ പുഷ്പത്തെ ചവിട്ടിയരച്ചാലും അതിന്റെ സൗരഭ്യം മാത്രമാണ് അനുഭവവേദ്യമാകുന്നത് എന്നതുപോലെ ഏതു സാഹചര്യത്തിലും ക്രിസ്തുവിന്റെ ദിവ്യസ്വഭാവം ഒരു ക്രിസ്ത്യാനിയിൽ നിന്ന് പുറപ്പെടുക തന്നെ വേണം. അല്ലാതെയുള്ളവർക്കു ക്രിസ്ത്യാനി എന്ന പേരിൽ മാത്രമേ, ക്രിസ്തു കാണുകയുള്ളു; മറിച്ചു ജീവിതത്തിൽ ക്രിസ്തു കാണുകയില്ല. എന്നാൽ സ്വഭാവം കൊണ്ട് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതായിരിക്കണം ഒരു യഥാർത്ഥ ക്രിസ്ത്യാനി എന്നു ദൈവം ആഗ്രഹിക്കുന്നു.

ഒരു യഥാർത്ഥ ക്രിസ്ത്യാനി സ്വർഗത്തിൽ പോകും എന്നത് സുനിശ്ചിതമാണ്, എങ്കിലും അതിലും മേൽത്തരമായ ഒരു അനുഭവമാണ് ദൈവം അവനായി ഒരുക്കുന്നത്. ഈ അനുഭവം ദൈവവചന പരിജ്ഞാനത്തിലൂടെയും പരിശുദ്ധാത്മാവിനു വിധേയപ്പെടുന്നത്തിലൂടെയും നമുക്ക് ലഭിക്കുന്നു. നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ വ്യക്തിത്വം, നമ്മുടെ കരുതൽ മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവർക്കു ലഭിക്കുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ പകരക്കാരനായി യഥാർത്ഥ ക്രിസ്ത്യാനി ലോകത്തിനു മുൻപിൽ നല്ല ശമര്യക്കാരനെ പോലെ പ്രവർത്തന നിരതനാകേണ്ടതുണ്ട്. നാം ക്രിസ്തുവിന്റെ ശരീരം ആകയാൽ ലോകത്തോടുള്ള ദൈവത്തിന്റെ ഇടപെടൽ നമ്മിലൂടെയാണ് പ്രാവർത്തികമാകേണ്ടത്. ഇങ്ങനെ ചെയ്യുമ്പോൾ പ്രതിസന്ധികളും പ്രയാസങ്ങളും നാം അഭിമുഖീകരിക്കേണ്ടിവരും എന്നത് ഒരു വസ്തുതയാണ്. എന്നാൽ മരണത്തെ ജയിക്കുന്ന ക്രിസ്തുവിന്റെ ജീവനാൽ ഇത്തരം പ്രതിസന്ധികളെയും പ്രയാസങ്ങളെയും പുഞ്ചിരിയോടെ നമുക്ക് അതിജീവിക്കുവാൻ കഴിയും. അങ്ങനെയെങ്കിൽ പിതാവാം ദൈവത്തിനു തന്റെ പുത്രനെ നമ്മിലൂടെ ലോകത്തിന് പ്രദർശിപ്പിക്കുവാൻ കഴിയും.

പൗലോസ് പറയുന്നത്: സകലവിധത്തിലും ഞങ്ങൾ ഞെരുക്കപ്പെടുന്നു, എന്നാൽ തകർക്കപ്പെടുന്നില്ല; ആശങ്കാകുലരെങ്കിലും ഞങ്ങൾ നിരാശരല്ല; പീഡിപ്പിക്കപ്പെടുന്നവരെങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; തല്ലിത്തകർക്കപ്പെടുന്നെങ്കിലും ഞങ്ങൾ നശിപ്പിക്കപ്പെടുന്നില്ല; യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. അങ്ങനെ യേശുവിന്റെ ജീവനും ഞങ്ങളുടെ ശരീരത്തിൽ പ്രകടമാകുന്നു. യേശുവിന്റെ ജീവൻ ഞങ്ങളുടെ നശ്വരമായ ശരീരത്തിൽ പ്രകടമാകുവാൻ, ജീവിച്ചിരിക്കെത്തന്നെ ഞങ്ങളുടെ ശരീരത്തെ യേശുവിനു വേണ്ടി മരണത്തിനു ഏൽപിച്ചു കൊടുക്കുന്നു.(2 കൊരിന്ത്യർ 4 :8,9,10,11) നമ്മുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ പ്രകടമാകുവാൻ തന്നെയല്ലേ നാമും യഥാർത്ഥമായി ആഗ്രഹിക്കേണ്ടത്?

മറ്റുള്ളവരെ വിധിക്കുന്ന പ്രക്രിയയിൽ മടുപ്പില്ലാതെ തുടർന്ന്, ഒടുവിൽ നാം വിധിക്കുന്ന വിധിയാൽ തന്നെ ദൈവത്താൽ വിധിക്കപ്പെടുവാൻ സ്വയം അവസരം ഒരുക്കുകയാണോ?

ക്രിസ്തുവിന്റെ മനസ്സ് ഉള്ളവരാകുക എന്നുപറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്? വെള്ളത്തിന് മുകളിലൂടെ നടക്കുന്നതോ, മറ്റു വീര്യപ്രവൃത്തികൾ ചെയ്യുന്നതോ ആണോ? അത്തുതങ്ങൾ തീർച്ചയായും ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു ഭാഗമാണെങ്കിലും, അതിനേക്കാൾ വലിയവ നാം നേടേണ്ടതുണ്ട്; മറ്റുള്ളവരുടെ പോരായ്മകൾ കണക്കിലെടുക്കാതെ അവരെ സ്നേഹിക്കുവാനും, സ്വീകരിക്കുവാനും നമ്മെ പ്രാപ്തരാക്കുന്ന ദൈവീക ചിന്ത ക്രിസ്തുവിന്റെ മനസ്സാണ്. പാപിനിയായ സ്ത്രീയെ കരുണയോടെ കാണുകയും മനസ്സലിവോടെ പാപക്ഷമ നൽകി സ്വീകരിക്കുകയും ചെയ്യുന്നതാണ് ക്രിസ്തുവിന്റെ മനസ്സ്. ക്രിസ്തു ദൈവമഹത്വത്തിനായി പാപികളും ദോഷികളും അറയ്ക്കപ്പെട്ടവരും ആയിരുന്ന നമ്മെ സ്നേഹവാത്സല്യങ്ങളോടെ സ്വീകരിച്ചുവല്ലോ. ഇതേ മനോഭാവത്തിൽ പോരായ്മകളുള്ള നമ്മുടെ സഹോദരങ്ങളോട് ക്ഷമിച്ചു, അവരെ സ്വീകരിക്കുകയും ചേർത്ത് അണയ്ക്കുകയും ചെയ്യുന്നതാണ് ക്രിസ്തുവിന്റെ മനോഭാവം (റോമർ 15 : 7). ■



ചെയ്സ് ജോസഫ്

# ജീവന്റെ പുതുക്കത്തിൽ നടക്കുന്നത് എങ്ങനെ?

കർത്താവ് നമുക്ക് നൽകുന്ന ഏറ്റവും വലിയ ദാനം അവന്റെ ജീവൻ ആണ്. എത്രയോ വേദന സഹിച്ചാണ് ദൈവം അവന്റെ ജീവൻ നമ്മിലേക്ക് പകർന്നത്. എന്നാൽ നമ്മിൽ ഇപ്പോഴും ആദാമിന്റെ ജീവന്റെ അവശേഷിപ്പുകൾ ആണ് കൂടുതൽ പ്രദർശിപ്പിക്കപ്പെടുന്നത്. നമ്മിൽ ശേഷിക്കുന്ന ആദാമ്യ സ്വഭാവമാണ് ശരിക്കും പാപത്തിന്റെ അടിമത്തം വെളിപ്പെടുത്തുന്നത്. ഈ പരിതസ്ഥിതിയിൽ നമുക്ക് ജീവന്റെ പുതുക്കത്തിൽ നടക്കാൻ എങ്ങനെയാണ് കഴിയുന്നത്?

പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനം ക്രിസ്തുവിന്റെ മരണത്താൽ ആണ് നമുക്ക് ലഭിക്കുന്നത്. നമ്മെ അടിമപ്പെടുത്തിയ പാപ ശരീരത്തിന് ക്രൂശിൽ ശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു. പാപശരീരത്തിനു നമ്മെ നിയന്ത്രിക്കാനുള്ള കഴിവ് ഇനി ഇല്ല. കാരണം അത് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (റോമർ 6:6).

**എന്താണ് ശരീരം? എന്താണ് പാപ ശരീരം?**

ശരീരം എന്താണെന്നു നാം പ്രത്യേകിച്ച് മനസ്സിലാക്കാൻ പരിശ്രമിക്കേണ്ടതില്ല. ഒരു മനുഷ്യനിൽ എന്താണോ കാണപ്പെടുന്നത്, കാണാവുന്നത്, അതാണല്ലോ ശരീരം. എന്നാൽ ആ ശരീരത്തെ നിയന്ത്രിക്കുന്ന ഒരു മനസ്സ് ഉണ്ട്. ശരീരവും മനസ്സും പരസ്പരബന്ധിതമാണ്. മനസ്സിനെ ശരീരവും ആയി പൂർണ്ണമായി വേർപെടുത്തി അവലോകനം ചെയ്യാൻ നമുക്ക് കഴിയുകയില്ല. ഇന്ന് മനുഷ്യജീവിതം മുഴുവനും പൊതുവെ, നമുക്ക് കാണാവുന്ന ശരീരവും, കാണാൻ കഴിയാത്ത മനസ്സും കൂടി ചേരുന്നതാണ്. ശരീരത്തിന്റെ ആഗ്രഹങ്ങൾ, തിടുക്കങ്ങൾ, പ്രചോദനങ്ങൾ, എല്ലാം നമ്മുടെ ജീവിതത്തെ മുൻപോട്ടു കൊണ്ട് പോകുമ്പോൾ, നാം മാനസികമായി ആർജിച്ചെടുക്കുന്ന നിയന്ത്രണങ്ങളും സന്മാർഗ ബോധവും നമ്മെ നിയന്ത്രിക്കുന്നു. ഈ നിയന്ത്രണങ്ങൾ ആണ് സംസ്കാരം എന്ന പേരിൽ അറിയപ്പെടുന്നത്.

ശരീരവും മനസ്സും കൂടി ചേർന്ന് ഒരു മനുഷ്യൻ സാധാരണ ഗതിയിൽ ജീവിക്കുന്ന ആ ജീവിത വ്യവസ്ഥ ആണ് പാപശരീരം എന്നത്. അവിടെ ആത്മാവിനു ഒരു സ്ഥാനവും ഇല്ല. ആത്മാവിന്റെ ആവശ്യകത ഒരു പാപിയായ മനുഷ്യന് തോന്നുന്നില്ല. മനുഷ്യന്റെ എല്ലാ പഠനങ്ങളും ശരീരവും മനസ്സും മാത്രം സംബന്ധിക്കുന്നതാണ്. മതപഠനങ്ങളും അങ്ങനെ തന്നെ ആണ്. മതസങ്കൽപ്പങ്ങളും ആചാരങ്ങളും കൂടാതെ മനുഷ്യന്റെ ഉള്ളിൽ മായ്ച്ചു കളയാൻ പറ്റാതെ അവശേഷിക്കുന്ന മതാത്മകതയും എല്ലാം പ്രാണനിൽ നിന്നും ഉള്ളതാണ്. ശരീരത്തിന്റെയും മനസ്സിന്റെയും ആകെ തുകയെ ആണ് വേദപുസ്തകം പാപ ശരീരം അഥവാ ജഡം എന്ന് വിളിക്കുന്നത്. വീണ്ടും ജനിക്കാത്ത, ആത്മാവിനെ പ്രാപിക്കാത്ത മനുഷ്യന് ജഡത്തെ ആധാരമാക്കി മാത്രമേ ജീവിക്കാൻ കഴിയൂ. അവനു ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുമായിരുന്നില്ല എന്ന് മാത്രമല്ല, ദൈവം ആരാണെന്നു തിരിച്ചറിയാൻ പോലും കഴിയുമായിരുന്നില്ല.

## ജീവന്റെ പുതുക്കത്തിൽ നടക്കുന്നത് എങ്ങനെ?

ജഡത്തിൽ നല്ല മനുഷ്യരായി ജീവിക്കുന്നവർ തീർച്ചയായും ഉണ്ട്. അവർ ഒരു പക്ഷെ വളരെ നല്ലവരും മനുഷ്യത്വം ഉള്ളവരും പ്രവർത്തിക്കുന്നവരും ഒക്കെ ആയിരുന്നേക്കാം. നല്ല പ്രസംഗങ്ങളും അവർക്കു ചെയ്യാൻ കഴിയും. പക്ഷെ ദൈവീക ജീവനിലേക്ക് കടക്കാൻ ജഡത്തിന് കഴിവില്ല. ജഡീകമായ മതാത്മകത നമ്മെ വഞ്ചിക്കുന്ന ഒരു അപകടം തന്നെ ആണ്. ദൈവവുമായി ഒരു ബന്ധവും ഇല്ലാത്തപ്പോൾ തന്നെ അവർ ദൈവത്തിന്റെ ആളുകളായി കാണപ്പെടുന്നു, അഥവാ സ്വയം കണക്കാക്കുന്നു. ദരിദ്രർ ആയിരിക്കുമ്പോൾ അവർ സമ്പന്നർ എന്ന് അവർക്കു തന്നെ അനുഭവപ്പെടുന്നു.

നാം എങ്ങനെയാണ് ഈ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നത്? ഈ മോചനത്തെ കുറിച്ച് ആണ് റോമാ ലേഖനം ആറാം അധ്യായം നമ്മോടു പറയുന്നത്. ജഡരക്തങ്ങളോടെ ഇരിക്കുന്ന മനുഷ്യന് ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുകയില്ല. ഇത് തന്നെ ആണ് യേശു നിക്കോദേമോസിനോടും പറയുന്നത്. അത് ഒരു മനുഷ്യനെ രക്ഷയെ സംബന്ധിച്ച് നിസ്സഹായൻ ആക്കി മാറ്റുന്നു. അവനു ഒരു തീരുമാനം പോലും എടുക്കാനോ, ദൈവത്താൽ ആകർഷിക്കപ്പെടാതെ ദൈവത്തെ നോക്കാൻ പോലുമോ കഴിയുകയില്ല. ദൈവത്താൽ ജീവൻ പ്രാപിക്കുമ്പോൾ ആണ് നമുക്ക് ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുന്നത്. എന്നാൽ അവിടെ വളരെ പ്രധാനമായ കാര്യം, പഴയതും പുതിയതും ഒന്നിച്ചു പോവുകയില്ല എന്നതാണ്. നമുക്കു പഴയ ജഡത്തിലും ആത്മാവിലും ഒരേ സമയം ജീവിക്കുവാൻ സാധ്യമല്ല. ഈ രണ്ടു വ്യവസ്ഥകളും ശത്രുത്വം ആയതിനാൽ പരസ്പരം കൂട്ടിയിണക്കാനും ഒന്നിച്ചു കൈകാര്യം ചെയ്യാനും സാധിക്കുകയില്ല. മനുഷ്യർ സാധാരണ രീതിയിൽ ചെയ്യുന്നത്, ആത്മാവിന്റെ പ്രവൃത്തികളെ ചില സമയങ്ങളിലേക്കു ചുരുക്കി, അതിനെ പ്രാർത്ഥനാസമയം എന്നോ ആരാധനാസമയം എന്നോ വിളിച്ചിട്ട്, ബാക്കി സമയത്തെ ജഡത്തിന്റെ വ്യാപാരങ്ങൾക്കു വിട്ടു കൊടുക്കുക എന്നതാണ്. എന്നാൽ ഇത് ദൈവത്തിനു പൊറുക്കാൻ പറ്റുന്ന, സഹിക്കാൻ പറ്റുന്ന ഒരു കാര്യമേ അല്ല. അത് കൊണ്ട് പഴയ ജഡം, പുതിയ ജീവനു വഴി മാറി ഒഴിഞ്ഞു കൊടുക്കേണ്ടത് ആവശ്യമാണ്. രണ്ടു യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയില്ല എന്നുള്ളത് കൊണ്ടുതന്നെ. എന്നാൽ ഈ പഴയ ജീവിതത്തെ അങ്ങനെ ഉപേക്ഷിക്കുവാൻ മനുഷ്യന് സാധ്യമല്ല. അത് കൊണ്ടാണ് യേശുക്രിസ്തുവിന്റെ ക്രൂശു മരണം അത്രയും പ്രധാനം ആവുന്നത്. അവൻ ക്രൂശിൽ നമ്മുടെ ജഡത്തിന്റെ അഥവാ പാപ ശരീരത്തിന്റെ വാഴ്ച അവസാനിപ്പിച്ചു ആത്മാവിൽ ജീവിക്കുവാൻ പുതിയ ഒരു വഴി നമുക്ക് തുറന്നു തന്നു. യേശു ക്രിസ്തുവിന്റെ ക്രൂശിൽ എന്റെ പാപ ശരീരം ക്രൂശിക്കപ്പെട്ടു എന്ന് ഞാൻ വിശ്വസിക്കുമ്പോൾ ആ പഴയ ജഡത്തിന്റെ മുറിച്ചുമാറ്റൽ ആണ് നാം അനുഭവിക്കുന്നത്. അത് കൊണ്ട് നാം ഇനി പാപത്തിനു അടിമ അല്ല. നമ്മെ പാപത്തിന്റെ അടിമത്തത്തിൽ കുരുക്കി ഇട്ടിരുന്ന ആ പാപ ശരീരത്തെ, കർത്താവ് ക്രൂശിൽ അവനോടൊപ്പം തറച്ചു നമ്മിൽ നിന്ന് ഉരിഞ്ഞു കളഞ്ഞു. ഇതാണ് നമ്മുടെ അതി വിശുദ്ധ വിശ്വാസത്തിന്റെ ഒരു ആധാരം. അത് കൊണ്ട് ഞാൻ ആ വിശ്വാസത്തെ ആണ് ഏറ്റെടുക്കുന്നത്. ഇനി ഞാൻ അല്ല, ക്രിസ്തുവത്രേ ജീവിക്കുന്നത്. പഴയതു കഴിഞ്ഞു പോയി സകലവും ദൈവം പുതിയത് ആക്കിയിരിക്കുന്നു.

നാം അവന്റെ മരണത്തെ ഏറ്റു പറയുമ്പോൾ. മരണത്തോട് വിശ്വാസത്താൽ അനുരൂപർ ആവുമ്പോൾ, നാം ജീവന്റെ വഴിയിലേക്ക് ക്രിസ്തുവിലൂടെ പ്രവേശിക്കുകയാണ്. ഇതാണ് സ്നാനത്തിന്റെ അർഥം. അവന്റെ മരണത്തിലൂടെ ഞാൻ എന്റെ മരണം കൂടെ അനുഭവിക്കുകയാണ്. എന്നെ അടിമയാക്കി ഭരിച്ചു കൊണ്ടിരുന്ന ജഡത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പഴയ മനുഷ്യന്റെ മരണം ആണ് എന്നെ ക്രിസ്തുവിൽ ജീവിക്കാൻ സ്വതന്ത്രൻ ആക്കുന്നത്. നമ്മെ അടിമപ്പെടുത്തിയിരുന്ന ബലവാൻ ക്രൂശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ഇനി നമുക്ക് അടിമത്തം ഇല്ല.

യേശുക്രിസ്തുവിന്റെ മരണത്തോടുള്ള നമ്മുടെ അനുരൂപപ്പെടൽ ആണല്ലോ സ്നാനം. പൗലോസ് പറയുന്നു, നാം അവന്റെ മരണത്തിന്റെ സദൃശത്തോടു അനുരൂപപ്പെട്ടാൽ പുനരുത്ഥാനത്തിന്റെ സാദൃശത്തോടും അനുരൂപപ്പെടും. എന്താണ് പുനരുത്ഥാനത്തിന്റെ സാദൃശ്യം? ഈ വാക്യങ്ങളുടെ പ്രത്യേകത കാരണം പലരും വിചാരിക്കുന്നത്, സ്നാന കുളത്തിൽ ഇറങ്ങുന്നത് മരണവും വെള്ളത്തിൽ പൂർണ്ണമായും മുങ്ങുന്നത് കബർ അടക്കവും വെള്ളത്തിൽ നിന്ന് കയറി വരുന്നത് പുനരുത്ഥാനത്തിന്റെ സാദൃശ്യവും ആണ്

ശേഷം പേജ് 19 ▶



ഡോ. സജികുമാർ കെ. പി.

# കർത്താവിന്റെ മടങ്ങിവരവ് ഈ നാളുകളിൽ തന്നെയോ?

"നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരെയും നീക്കി കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും ഒരുത്തനെകൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ"(മത്തായി 24 : 37-42).

നമ്മുടെ കർത്താവിന്റെ മടങ്ങിവരവും സഭയുടെ ഉൽപ്രാപണവും സംബന്ധിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ വളരെ വ്യക്തമായും കൃത്യമായും നിറവേറിക്കൊണ്ടിരിക്കുന്ന ഈ അന്ത്യനാളുകളിൽ കർത്താവിന്റെ കാഹളശബ്ദം അടുക്കൽ വാതിൽക്കൽ തന്നെ എത്തി നിൽക്കുന്നു. ഇന്നത്തെ ആത്മീയ ലോകത്തേക്കും കാല ലക്ഷണങ്ങളിലേക്കും വചനത്തിന്റെ വെളിച്ചത്തിൽ ഒന്നു കണ്ണോടിച്ചാൽ നമുക്ക് അത് പകൽപോലെ വ്യക്തമാകും. ദൈവവചനത്തിന്റെ വെളിച്ചത്തിൽ കർത്താവിന്റെ വരവിനും അന്ത്യകാലത്തിനും ലക്ഷണമായി ഇന്നു കാണുന്ന ചില വസ്തുതകൾ നമുക്ക് ഒന്നു വിലയിരുത്താൻ ശ്രമിക്കാം.

**(1)സംഖ്യകൊണ്ടും മുദ്രകൊണ്ടും ഭരണം നടത്തുന്നതിലേക്കുള്ള തയ്യാറെടുപ്പ്:**

"അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറ് മൃഗത്തിന്റെ പേരൊ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്വാൻ വഹിയാതെയും ആക്കുന്നു" (വെളിപ്പാട് 13: 16-17).

വിമാനത്താവളങ്ങളിലെ ഇമിഗ്രേഷനിൽ കൂടെ പുറത്തിറങ്ങുന്നതിനു മുമ്പ് യാത്രക്കാർ ഉദ്യോഗസ്ഥന്റെ സമീപം വെച്ചിട്ടുള്ള ക്യാമറയിലേക്ക് കണ്ണു തുറന്നു നോക്കണം എന്ന് അനുശാസിക്കപ്പെടാറുള്ളത് നമുക്കെല്ലാം അറിയാം. കാരണം ഒരു വ്യക്തിയുടെ നെറ്റിയുടെ താഴെ കണ്ണിൽ ഒരു മുദ്രയുണ്ട്. ഒരു വ്യക്തിയുടെ കണ്ണിന്റെ മുദ്രപോലെയല്ല ലോകത്തിൽ മറ്റാരുടെയും കണ്ണ്. കൈവിരലുകളിലെ മുദ്രപോലെ നെറ്റിയുടെ താഴെ കണ്ണിലും നമുക്കെല്ലാം മുദ്രയുണ്ട് എന്നും അത് ബയോമെട്രിക് ഐഡന്റിഫിക്കേഷന്റെ ഭാഗമായി വ്യാപകമായി ഉപയോഗിക്കപ്പെടുന്നു എന്നും നമുക്കറിയാം. വെളിപ്പാടു പുസ്തകം എഴുതപ്പെട്ട കാലത്തേക്കാൾ നൂറു മടങ്ങ് വ്യക്തതയോടെ ഈ സത്യം ഇന്ന് ഇന്ത്യാക്കാർക്കു മനസ്സിലാകും. കാരണം ഒട്ടുമിക്ക ഇന്ത്യാക്കാരുടെ കൈയുടെ മുദ്രയും ഇന്ന് ഗവൺമെന്റിന്റെ സെർവറിൽ ശേഖരിച്ചും വെച്ചിട്ടുണ്ട്. ഇതിന്റെ പേരാണ് ആധാർ.

ബാങ്ക് അക്കൗണ്ട് ഈ ബയോമെട്രിക് ഐഡന്റി ഫിക്കേഷനുമായി ബന്ധിപ്പിച്ചില്ലെങ്കിൽ ബാങ്കിലെ അക്കൗണ്ട് നിലനിൽക്കില്ല എന്ന നിർദ്ദേശം നൽക പ്പെട്ടിരുന്നു. നമ്മുടെ വിരലിന്റെ മുദ്ര ഏല്പിക്കു മ്പോൾ തന്നെ കമ്പ്യൂട്ടറിൽ നമ്മുടെ സകല വിവ രണങ്ങളും ഫോട്ടോയും തെളിഞ്ഞുവരുന്ന ക്രമീ കരണമാണിത്. U.I.D.(യു.ഐ.ഡി.) എന്നറിയപ്പെ ടുന്ന ഒരു സഖ്യയാണ് ആധാർ കാർഡിൽ നൽകി യിരിക്കുന്നത്. ഈ സംഖ്യ വെച്ചാണ് ഗവൺമെന്റ് നമ്മെ തിരിച്ചറിയുന്നത്. മൊബൈൽ നമ്പർ, ഗ്യാസ് കണക്ഷൻ, പാൻ കാർഡ് എന്നു വേണ്ട വിൽക്കാനും വാങ്ങാനും അത്യാവശ്യം വേണ്ടിയ ജി.എസ്.ടി വരെ ആധാറുമായി ബന്ധിപ്പിക്കുമ്പോൾ വെളിപ്പാട് 13 : 16-17 വാക്യങ്ങളിലേക്കുള്ള ലോകത്തിന്റെ തയ്യാറെടുപ്പ് വിശദീകരിക്കാതെ തന്നെ നമുക്കു മനസ്സിലാകും.

**(2)ലോക രാജ്യങ്ങളുടെ അധികാര ധ്രുവീകരണം**

കർത്താവിന്റെ മടങ്ങിവ രവും എതിർ ക്രിസ്തു വിന്റെ വാഴ്ചയും വിശദീ കരിക്കുന്ന ഭാഗങ്ങളിൽ അന്ത്യകാല രാഷ്ട്രീയ അധികാര ധ്രുവീകരണത്തെപ്പറ്റി നാം വായിക്കുന്നു ണ്ട്. വെളിപാട് 13:1 -ൽ എതിർ ക്രിസ്തുവിനെ ചിത്രീകരിക്കുന്ന ഭാഗത്തു കാണുന്ന 10 കൊമ്പും 10 രാജമുടിയും പത്ത് അധികാരങ്ങളെ കാണി ക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു. ദാനിയേൽ പ്രവാചകന് വരുവാനുള്ള ലോക രാഷ്ട്രീയ ഭാവി യെപ്പറ്റി ദാനിയേൽ 2 : 31-45 വരെ വാക്യങ്ങളിൽ ദൈവം വെളിപ്പെടുത്തിക്കൊടുത്തപ്പോൾ ദാനി യേൽ കണ്ട ബിംബം പ്രതിനിധാനം ചെയ്യുന്ന ലോക രാജ്യങ്ങളുടെ അധികാര പരമ്പര അവസാ നിക്കുന്നത് ബിംബത്തിന്റെ പത്തു വിരലുകളിലാ ണ്. കൈതൊടാതെ പറിഞ്ഞു വന്ന് ബിംബത്തി ന്റെ കാലിൽ അടിച്ച് അതിനെ ധൂളിപ്പിച്ചുകളയുന്നത് ഈ രാജാക്കന്മാരുടെ കാലത്ത് ദൈവം തന്റെ അധികാരം ഭൂമിയിൽ നിവർത്തിക്കും എന്നതിന്റെ സൂചനയായിരുന്നു.

അങ്ങനെയെങ്കിൽ അന്ത്യകാലത്ത് ആ ബിംബ ത്തിന്റെ കാൽ അവസാനിക്കുന്നത് 10 വിരലുകളിൽ എന്നപോലെ 10 സുപ്രധാന അധികാരങ്ങളിലേക്ക് ലോക രാഷ്ട്രീയം ഒതുങ്ങണം. ഇന്ന് ലോകരാ ഷ്ട്രീയത്തെ നയിക്കാൻ രൂപീകൃതമായിരിക്കുന്ന ഐക്യരാഷ്ട്ര സഭ നിയന്ത്രിക്കപ്പെടുന്നത് വീറ്റോ അധികാരമുള്ള 5 രാജ്യങ്ങളുടെ നേതൃത്വത്തിലാ ണ്. അമേരിക്ക, റഷ്യ, ചൈന, ഇംഗ്ളണ്ട്, ഫ്രാൻസ് എന്നീ വൻശക്തികളാണ് അവ. എന്നാൽ ഈ അഞ്ചു രാജ്യങ്ങൾക്കു പുറമെ ജി4 എന്ന പേരിൽ മറ്റ് നാല് രാജ്യങ്ങൾ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിലിൽ സ്ഥിരാംഗത്വത്തിനു വേണ്ടി കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുകയാ ണ്. ഇന്ത്യ, ജപ്പാൻ, ജർമ്മനി, ബ്രസീൽ എന്നിവ യാണവ. അധികം വൈകാതെ ഈ സുപ്രധാന രാജ്യങ്ങളെ കൂടെ ചേർത്ത് സുരക്ഷാ കൗൺസിൽ പുന:സംഘടിപ്പിച്ചേക്കാം. അപ്പോൾ ലോകരാഷ്ട്രീ യത്തിന്റെ നേതൃത്വത്തിൽ 9 രാജ്യങ്ങൾ ആകും. പിന്നെ കുറവുള്ളത് ഇസ്ളാമിക ലോകത്തെ പ്രതിനിധീകരി ക്കാൻ ഒരു രാജ്യമാണ്. അങ്ങനെ ഒന്നും കൂടെ ചേർന്നാൽ കൃത്യം 10 അധികാരങ്ങളായി. ഒരു ലോകനേതാവ് എതിർക്രിസ്തു എന്ന പേരിൽ ഈ 10 രാജ്യങ്ങ ളുടെ അധികാരങ്ങളോടെ എഴുന്നേറ്റാൽ ലോകത്തെ നിയന്ത്രിക്കാൻ ഒരു ബുദ്ധി മുട്ടുമില്ലാതെ വരും.

**(3)ശാസ്ത്രത്തിന്റെ സാക്ഷ്യം**

ലോകപ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന സ്റ്റീഫൻ ഹോക്കിംഗ് പറഞ്ഞു ഭൂമിയുടെ അവ സാനം ഒരു പക്ഷേ ഛിന്നഗ്രഹങ്ങൾ വന്ന് ഇടിച്ചു തകരുന്നതു കൊണ്ടാവാം എന്ന്. നാസയുടെ കണ്ടെത്തലുകൾ അനുസരിച്ച് ഭൂമിയുടെ അന്തരീ ക്ഷത്തിന്റെ പുറത്തു കറങ്ങി നടക്കുന്ന ഛിന്നഗ്ര ഹങ്ങളിൽ (Asteroid) ഇരുപതു ശതമാനത്തെ മാത്രമേ ഇന്നേവരെ കണ്ടു മനസ്സിലാക്കാൻ സാധി ച്ചിട്ടുള്ളൂ. കിലോമീറ്ററുകൾ വ്യാസമുള്ള ഛിന്നഗ്ര ഹങ്ങൾ പലതും ഈ അന്തരീക്ഷത്തിന്റെ പുറത്തു കൂടെ കറങ്ങി നടക്കുന്നുണ്ട്. ഇന്ന് ദൈവം അതിനെ നിയന്ത്രിച്ചു നിർത്തിയിരിക്കുന്നതു കൊണ്ട് അവയൊന്നും താഴോട്ടു വീഴുന്നില്ല. പക്ഷേ അധികം താമസിയാതെ അവ താഴോട്ടു വീഴാനുള്ളതാണ് എന്നു വചനം പറയുന്നു.

വെളിപ്പാട് 6:12-17, 8 : 8-11 വാക്യങ്ങൾ അനു സരിച്ച് തീ കത്തുന്ന വന്മല പോലെ ഇത് സമുദ്ര

ശേഷം പേജ് 29 ▶



പി.വി.വർഗീസ്

# അത്യപൂർവമായ ന്യായവിധി

**ചില** കോടതി വിധികളുടെ വാർത്തകൾ വായിക്കുമ്പോൾ കുറ്റകൃത്യത്തെക്കുറിച്ചു 'അപൂർവങ്ങളിൽ അപൂർവം' എന്ന വിശേഷണം നാം പത്രങ്ങളിൽ കാണുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ നാം ചിന്തിക്കുന്നത് കുറ്റകൃത്യത്തിന്റെ അപൂർവതയെക്കുറിച്ചല്ല, മറിച്ചു ന്യായവിധിയുടെ അപൂർവതയെക്കുറിച്ചാണ്. കാരണം ന്യായാധിപൻ പ്രതിയിൽ യാതൊരു കുറ്റവും കാണുന്നില്ലായെന്നു മൂന്നു പ്രാവശ്യം പ്രഖ്യാപിച്ചതിനു ശേഷം വധശിക്ഷതന്നെ വിധിക്കുന്നതാണ് ന്യായവിധിയിലെ അത്യപൂർവമായ വൈരുദ്ധ്യം. ഇവിടെ ന്യായാധിപൻ റോമൻ ഗവർണർ ആയിരുന്ന പിലാത്തോസും കുറ്റവാളിയായി പ്രതിസ്ഥാനത്തു നിൽക്കുന്നത് പാപം എന്തെന്ന് അറിയാത്ത, പാപം ചെയ്തിട്ടില്ലാത്ത കർത്താവായ യേശുക്രിസ്തുവുമാണ്. 'ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല' എന്ന് യോഹന്നാന്റെ സുവിശേഷം (18:38 , 19:4,19:6) എന്നീ വാക്യങ്ങളിൽ മൂന്നു പ്രാവശ്യം പീലാത്തോസ് പ്രഖ്യാപിക്കുന്നുണ്ട്. അന്നത്തെ നീതിന്യായ വ്യവസ്ഥിതി അനുസരിച്ചു ഒരുവൻ കുറ്റക്കാരനല്ല എന്ന് ന്യായാധിപൻ പ്രഖ്യാപിച്ചാൽ, മനസുള്ള ആർക്കെങ്കിലും മുൻപോട്ടു വന്നു പ്രതിയായി നിൽക്കുന്ന ആളിനെ ന്യായാധിപന്റെ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ജാമ്യത്തിൽ ഇറക്കിക്കൊണ്ടു പോകുവാൻ അവകാശമുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ആരെങ്കിലും മുൻപോട്ടുവരുമെന്നുള്ള പ്രതീക്ഷയോടുകൂടി ആയിരിക്കണം പീലാത്തോസ് 'യേശുവിൽ യാതൊരു കുറ്റവും കാണുന്നില്ല' എന്ന് പ്രഖ്യാപിച്ചത്. യേശുവിനെ വിസ്തരിക്കുന്ന സമയത്തു പീലാത്തോസ് ഉൽക്കണ്ഠാകുലനായി പല പ്രാവശ്യം കോടതിയുടെ വിചാരണ മണ്ഡപത്തിനകത്തു നിന്നു പുറത്തേക്കു പോയി, യഹൂദ പ്രമാണികളോട് സംസാരിച്ചതിന് ശേഷം വീണ്ടും തന്റെ ഇരിപ്പിടത്തിലേക്കു മടങ്ങി വരുകയും ചെയ്യുന്ന അസ്വസ്ഥമാനസനായി കാണപ്പെട്ടത്. നിന്ദിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും അടിക്കപ്പെടുകയും ചെയ്തിട്ടുപോലും യേശുവിന്റെ പ്രതികരണം തികച്ചും മറ്റാരിലും കാണാത്തവിധം വ്യത്യസ്തമായിരുന്നു. ഒരു അനാഥനെപ്പോലെ, ആരോരുമില്ലാ ത്തവനെപ്പോലെ, രോമം കത്രിക്കുന്നവന്റെ മുമ്പിൽ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെ മൗനമായിരിക്കുന്ന യേശു പീലാത്തോസിനെ അത്യന്തം ആശ്ചര്യപ്പെടുത്തി. ഈ പശ്ചാത്തലത്തിലാണ് ഏതു വിധേനയും യേശുവിനെ വിധിക്കുന്നതിൽ നിന്ന് തനിക്കു



ഒഴിഞ്ഞു മാറണമെന്ന് പീലാത്തോസ് ഗൗരവമായി ചിന്തിക്കുന്നത്.

അങ്ങനെയിരിക്കെ ഇപ്പോഴിതാ പീലാത്തോസിന്റെ ഭാര്യ ഒരു പ്രത്യേക ആൾ വശം, 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്' എന്ന് പറയിക്കുന്നു. യേശു നിരപരാധി എന്ന് വീണ്ടും ഒരാൾ കൂടി പറയുന്നതായി ഇവിടെ കാണുന്നു. (മത്തായി 27 :19 ). മറ്റൊരു വിധത്തിൽ പറഞ്ഞാൽ കോടതി ഹാളിൽ എന്ത് നടക്കുന്നു എന്ന് കാണുകയോ അറിയുകയോ ചെയ്യാത്ത, പീലാത്തോസിന്റെ ഭാര്യ പോലും യേശുവിനെ നീതിമാനെന്നു പറയുന്നു ഗലീലക്കാരനായ ഹെരോദാ രാജാവ് അന്ന് യെരുശലേമിൽ വന്നു പാർക്കുന്നു എന്ന് അപ്പോഴാണ് പീലാത്തോസ് അറിഞ്ഞത്, യേശുവും ഗലീലക്കാരനാകയാൽ ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്ന കാരണത്താൽ അവനെ, അവന്റെയടുക്കൽ അയച്ചു. ഏതുവിധേനയും തനിക്കു ഒഴിവാകുവാൻ കഴിയുമല്ലോ എന്നതായിരുന്നു പീലാത്തോസിന്റെ ചിന്ത. ഹെരോദാവിന്റെ ഒരു ചോദ്യത്തിനും യേശു ഉത്തരം പറഞ്ഞില്ല. എന്നിട്ടും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ കഠിനമായി കുറ്റം ചുമത്തികൊണ്ടിരുന്നു. ഹെരോദാവ് തന്റെ പടയാളികളുമായി യേശുവിനെ പരിഹസിച്ച് നിസാരനാക്കി ശുഭ്രവസ്ത്രം ധരിപ്പിച്ചു പീലാത്തോസിന്റെ അടുക്കൽ മടക്കി അയച്ചു (ലൂക്കോസ് 23 :6 –12). നിങ്ങൾ ചുമത്തിയ കുറ്റമൊന്നും ഞാൻ ഇവനിൽ കണ്ടില്ല, ഹെരോദാവും കണ്ടില്ല എന്ന് പീലാത്തോസ് പറയുന്നു (ലൂക്കോസ് 23:14). മറ്റൊരുവിധത്തിൽ പറഞ്ഞാൽ യേശു കുറ്റക്കാരനല്ലെന്ന് വേറൊരു ഭരണാധികാരി കൂടി വിധിച്ചു.

വിസ്താരം ആരംഭിക്കുന്നതിനു മുൻപുതന്നെ അവനെ കാണിച്ചു കൊടുത്ത യൂദാ 'കുറ്റമില്ലാത്ത രക്തം' എന്ന് യേശുവിനെ വിശേഷിപ്പിക്കുന്നതായി തിരുവെഴുത്തു പറയുന്നു( മത്തായി 27 :3 ). യേശു നീതിമാനായിരുന്നു എന്ന് ഒറ്റിക്കൊടുത്ത യൂദാ പോലും സാക്ഷ്യം പറഞ്ഞു. ഇതാണ് ഒന്നാമത്തെ സാക്ഷ്യം. യേശുവിനെ ഒറ്റിക്കൊടുക്കാൻ കാരണമായത് യൂദായുടെ ദ്രവ്യാഗ്രഹം ആയിരുന്നിരിക്കാം. ചേവകർ യേശുവിനെ പിടിക്കുവാൻ ശ്രമിച്ച പല സന്ദർഭങ്ങളിലും യേശു അത്ഭുതകരമായി രക്ഷപ്പെടുന്നത് നേരിൽ കണ്ടിട്ടുള്ളയാളാണ് യൂദാ. യേശു പിടിക്കപ്പെടുകയില്ലയെന്നും അതേസമയം തനിക്കു പണം ലഭിക്കുമല്ലോ എന്നുമുള്ള ചിന്താഗതിയായിരിക്കണം ഈ സാഹസകൃത്യ

**ചേവകർ യേശുവിനെ പിടിക്കുവാൻ ശ്രമിച്ച പല സന്ദർഭങ്ങളിലും യേശു അത്ഭുതകരമായി രക്ഷപ്പെടുന്നത് നേരിൽ കണ്ടിട്ടുള്ളയാളാണ് യൂദാ. യേശു പിടിക്കപ്പെടുകയില്ലയെന്നും അതേസമയം തനിക്കു പണം ലഭിക്കുമല്ലോ എന്നുമുള്ള ചിന്താഗതിയായിരിക്കണം ഈ സാഹസകൃത്യ ത്തിനു യൂദായെ പ്രേരിപ്പിച്ചത്.**

ത്തിനു യൂദായെ പ്രേരിപ്പിച്ചത്. ഇന്നും ദ്രവ്യാഗ്രഹിയുടെ ഭാവി ഇതുപോലെ അപകടം നിറഞ്ഞതാണ് എന്നത് നാം മറക്കരുത്.

പീലാത്തോസിന്റെ ചോദ്യങ്ങൾക്കു ഉത്തരം പറയാതിരുന്ന യേശുവിനോടു അവൻ ചോദിച്ചു: നീ എന്നോട് സംസാരിക്കുന്നില്ലയോ, എനിക്ക് നിന്നെ ക്രൂശിക്കുവാൻ അധികാരമുണ്ടെന്നും, വിട്ടയക്കുവാൻ അധികാരമുണ്ടെന്നും അറിയുന്നില്ലയോ?' എന്ന പീലാത്തോസിന്റെ ചോദ്യത്തിന് യേശു അവനോടു; മേലിൽ നിന്ന് നിനക്ക് കിട്ടിയിരുന്നില്ല എങ്കിൽ എന്റെ മേൽ നിനക്ക് ഒരു അധികാരവും ഉണ്ടാകയില്ലായിരുന്നു എന്ന് മറുപടി പറഞ്ഞു. യേശുവിന്റെ ഈ മറുപടിയിൽ ഒരു രഹസ്യം ഒളിഞ്ഞു കിടക്കുന്നുണ്ട്. അത് പീലാത്തോസിനെ മാത്രമല്ല, ഇന്നത്തെ അധികാരികളെയും നമ്മെയും ബാധിക്കുന്ന ഒന്നാണ്. അതായത് മനുഷ്യന്റെ അധികാരം മേലിൽ നിന്ന് ലഭിച്ചതും ഒരു ക്ലിപ്ത കാലയളവിലേക്ക്, നാലോ അഞ്ചോ വർഷത്തേക്കു മാത്രവുമുള്ളതാണ്. എന്നാൽ യേശു അധികാരം ലഭിച്ചവനല്ല, ഒരിക്കലും അവസാനിക്കാത്ത നിത്യ അധികാരത്തിന്റെ സ്രോതസ്സ് കൂടിയാണ്. എന്ന് വച്ചാൽ അൽപ്പകാലത്തേക്കു മാത്രം അധികാരം ലഭിച്ചവരാണ് ഭരണാധികാരികൾ, അത് സഭയിലായാലും രാഷ്ട്രത്തിലായാലും ഏതു തലത്തിലായാലും. എന്നാൽ യേശുവിനോ ഒരിക്കലും മാറി പോകാത്ത അധികാരം തന്നെയാണ്. അതും ലഭിച്ചതല്ല, മറിച്ചു അധികാരത്തിന്റെ ഉറവിടമായി അധികാരികളെ ആക്കുകയും നീക്കുകയും ചെയ്യുന്നവനാണ്. സാക്ഷാൽ സ്രഷ്ടാവായ ദൈവം, സൃഷ്ടിയുടെ മുൻപിൽ സൗമ്യതയോടും വിനയത്തോടും കൂടി നിൽക്കുന്നത് അവിടുത്തെ താഴ്മയുടെ മണിമകുടം എന്നാണ് വെളിപ്പെടുത്തുന്നത്.

അഞ്ചാമതായി, യേശു കുറ്റം ചെയ്തിട്ടില്ലായെന്നു പ്രഖ്യാപിക്കുന്നതു ക്രൂശിലെ അനുതപിച്ച

കള്ളനാണ് (ലൂക്കോസ്23:41). അവൻ അനുതപിക്കാത്ത കള്ളനോട് ശാസിച്ചു പറഞ്ഞത്, സമശിക്ഷാവിധിയിൽ തന്നെയായിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ, നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു, നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്, ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല' എന്നായിരുന്നു.

ആറാമതായി യേശുവിനെ ക്രൂശിച്ച ടീമിന്റെ ക്യാപ്റ്റനായിരുന്ന ശതാധിപൻ സംഭവിച്ച എല്ലാ കാര്യങ്ങളും കണ്ടിട്ട്, 'ഈ മനുഷ്യൻ വാസ്തവത്തിൽ നീതിമാനായിരുന്നു' എന്നു പറഞ്ഞു. യേശുവിന്റെ ക്രൂശിലെ സഹനവും ക്ഷമയും ശത്രുക്കളെ സ്നേഹിച്ച് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും ഇത്തരം കാര്യങ്ങളൊക്കെയും ശതാധിപൻ ഇതിനുമുൻപ് ക്രൂശിച്ച മറ്റാരിലും തന്നെ കാണാത്ത നിസ്തുല്യമായ അനുഭവവും പ്രതികരണവും ആയിരുന്നു. യേശു മരിച്ച വിധവും കൂടി കണ്ടപ്പോൾ യേശു നീതിമാനായിരുന്നു എന്ന തന്റെ ബോധ്യം ഉറക്കെ പ്രഖ്യാപിക്കുന്നതാണ് ഇവിടെ നാം കാണുന്നത്. മർക്കോസ് രേഖപ്പെടുത്തുമ്പോൾ, 'ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു സത്യം', എന്ന് ശതാധിപൻ പറഞ്ഞതായിട്ടാണ് കാണുന്നത്. (മർക്കോസ് 15 :39).

ഗവർണറായിരുന്ന പീലാത്തോസും, അദ്ദേഹത്തിന്റെ ഭാര്യയും, രാജാവായിരുന്ന ഹെരോദാവും, ശതാധിപനും, അനുതപിച്ച കള്ളനും ഇവർക്കൊക്കെ മുൻപുതന്നെ യേശു പിടിക്കപ്പെട്ടു എന്ന് കണ്ടപ്പോൾ ഹൃദയം തകർന്നു ആത്മഹത്യ ചെയ്ത ഒറ്റുകാരൻ യൂദായും ആണ് യേശുവിനെ കുറ്റമില്ലാത്തവൻ എന്ന പ്രഖ്യാപനത്തിലൂടെ തങ്ങളുടെ നിലപാട് വ്യക്തമാക്കിയത്.

ഇവിടെ നാം മനസിലാക്കേണ്ടുന്ന അതിപ്രധാന സംഗതി നമ്മുടെ പകരക്കാരനായി നിത്യശിക്ഷാവിധിയിൽ നിന്ന് നമ്മെ വിടുവിക്കുവാൻ സ്വന്ത രക്തം ചിന്തി സ്വജീവൻ നമുക്കായി നൽകുന്ന യേശുവിന്റെ ആഴമേറിയ സ്നേഹമാണ്. പിതാവ് അതിമഹത്തായ ദാനമായി(ഗിഫ്റ്റ്) സ്വപുത്രനെ നമുക്കായി നൽകി. പുത്രനും അതിമഹത്തായ ദാനം ആയി സ്വന്ത ജീവനെ നമുക്കായി നൽകി. പകരമായി നാമെന്തു നൽകും?

ഇതിനും പുറമെ നിത്യത മുഴുവൻ നമ്മോടു കൂടി വസിക്കുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത് (വെളിപ്പാട് 21:3). ഇതാ ദൈവത്തിന്റെ നിവാസം മനുഷ്യരോട് കൂടെ. അവൻ അവരോടൊത്തു വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം തന്നെ അവരോടു കൂടെ ഉണ്ടായിരിക്കും. അവൻ അവരുടെ ദൈവമായിരിക്കും. അവൻ അവരുടെ കണ്ണീരു മുഴുവൻ തുടച്ചുമാറ്റും. നമുക്ക് വേണ്ടി ജീവൻ നൽകിയ കർത്താവു നമ്മോടൊത്തു വസിപ്പാനും പ്രിയപ്പെടുന്നു. ആയതിനാൽ നമുക്ക് നമ്മെ തന്നെ ഒരുക്കി, അതായതു നമ്മുടെ സമയവും, ജീവിതവും, ദൈവം നൽകിയിട്ടുള്ള സകല താലന്തുകളും അവിടുത്തെ ഹിതപ്രകാരം വ്യാപാരം ചെയ്യുവാൻ നമുക്ക് നമ്മെത്തന്നെ നൽകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. •

## 14 ജീവന്റെ പുതുക്കത്തിൽ നടക്കുന്നത് എങ്ങനെ?

എന്നാണ്. എന്നാൽ ഈ ഒരു വിവക്ഷ പൂർണ്ണമായും ശരിയല്ല. പൗലോസ് പറയുന്നു: ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയിൽ ജീവിച്ചു എഴുന്നേറ്റത് പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തോട് അനുരൂപർ ആകുന്നതു അവന്റെ ജീവൻ നാം പ്രാപിക്കുകയും ആ ജീവൻ നമ്മുടെ അനുദിന ജീവിതം ആയി മാറുകയും ചെയ്യുമ്പോൾ ആണ്. ഓരോ നിമിഷവും വിശ്വാസം നമ്മെ നയിക്കുന്നത് അവനോടു ചേർന്നുള്ള ആ മരണത്തിന്റെ അനുഭവത്തിലേക്കും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിലേക്കും ആണ്. യേശുക്രിസ്തുവിന്റെ ജീവന്റെ പങ്കാളിത്തത്തെ കുറിച്ച് ഫിലിപ്പിയ ലേഖനത്തിൽ പൗലോസ് പറയുന്നത് പോലെ, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിനും, അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചു അറിയേണ്ടതിനും ഇങ്ങനെ, വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്ന് വച്ചും ഞാൻ എല്ലാം ഉപേക്ഷിച്ചു ചവറു എന്ന് എണ്ണുന്നു. (ഫിലിപ്പ്യർ 3: 9,10,11) •

# മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ

മോശെ ജനിക്കുന്നതിനു മുൻപുള്ള ചരിത്രം, എന്നു മാത്രമല്ല ചരിത്രാതീതകാലം മുതലുള്ള സംഭവങ്ങൾ എഴുതുവാൻ മോശെയ്ക്ക് എങ്ങനെ സാധിച്ചു? സകലത്തെയും സൃഷ്ടിച്ചതിന്റെ വിവരങ്ങൾ മോശെയ്ക്ക് എങ്ങനെ എഴുതുവാൻ കഴിഞ്ഞു? ദൈവനിയോഗപ്രകാരം പ്രത്യേകമായി ഒരുങ്ങി സീനായ്മലയിലേക്ക് കയറിച്ചെന്ന മോശെയും ദൈവവും തമ്മിൽ 40 ദിവസം നീണ്ടുനിന്ന വളരെ സുദീർഘമായ രണ്ടുകൂടിക്കാഴ്ചകളെക്കുറിച്ച് പുറപ്പാട് 24:18 ലും 34: 28 ലും രേഖപ്പെടുത്തിയിരിക്കുന്നു. മേല്പറഞ്ഞ വിവരങ്ങൾ അങ്ങനെ ദൈവത്തിൽ നിന്നു നേരിട്ട് പ്രാപിച്ചതാകാനാണ് സാധ്യത.

**ഗ്രന്ഥകാരൻ മോശെ എന്നതിന്റെ തെളിവുകൾ**

- ദൈവം മോശെയോട്, 'നീ ഇത് ഓർമയ്ക്കായിട്ട് ഒരു പുസ്തകത്തിലെഴുതി യോശുവയെ കേൾപ്പിക്കുക' (പുറപ്പാട് 17:14). "ഈ വചനങ്ങളെ എഴുതിക്കൊൾക..." (പുറപ്പാട് 34: 27). എന്നു കല്പിച്ചതിൽ നിന്ന് എഴുത്തുകാരൻ മോശെയാണെന്നും അരുളിച്ചെയ്തത് ദൈവമാണെന്നും വ്യക്തമാകുന്നു.
- 'അനന്തരം മോശെ ഈ ന്യായപ്രമാണം എഴുതി... പുരോഹിതന്മാരെയും .....ഏല്പിച്ചു', (ആവർത്തനം 31:9). എന്നതിൽ നിന്ന് ദൈവത്തിന്റെ കല്പനപ്രകാരം മോശെ എഴുതി എന്നു വ്യക്തം.
- "എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവുമുള്ളവനായി മാത്രം ഇരിക്ക"എന്ന് ദൈവം യോശുവയോട് അരുളിച്ചെയ്തു (യോശുവ 1: 7). ഇവിടെ ഗ്രന്ഥകാരൻ മോശയെന്നു ദൈവം തന്നെ പറയുന്നു.
- യോശുവ 8: 13 ലും 23: 6ലും 'മോശെയുടെ ന്യായപ്രമാണപുസ്തകത്തിൽ' എന്ന് യോശുവ ജനത്തോടു പറയുമ്പോൾ എഴുത്തുകാരൻ ആരെന്ന് വെളിപ്പെടുന്നു.
- 'മോശെയുടെ ന്യായപ്രമാണത്തിൽ' എഴുതിയിരിക്കുന്ന കല്പനകൾ പരിപൂർണമായി അനുസരിക്കണമെന്ന് ദാവീദ് ശലോമോനോട് കല്പിക്കുന്നു (1 രാജാക്കന്മാർ 2:4). 'ദൈവത്തിന്റെ ദാസനായ മോശെയുടെ ന്യായപ്രമാണത്തിൽ' എന്ന് ദാനീയേൽ പ്രവാചകനും സൂചിപ്പിച്ചിരിക്കുന്നു (ദാനീയേൽ 9:11). ഈ വാക്യങ്ങൾ രണ്ടും മോശെയാണു രചയിതാവെന്ന് സ്പഷ്ടമാക്കുന്നു.
- ലൂക്കൊസ് 24: 44 ൽ നമ്മുടെ കർത്താവ് എമ്മവുസിലേക്കു പോയ ശിഷ്യന്മാരോട് തന്നെക്കുറിച്ചുതന്നെ സംസാരിക്കാൻ 'മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു' എന്നും, യോഹന്നാൻ 7:23 ൽ 'മോശെയുടെ ന്യായപ്രമാണത്തിന് നീക്കം വരാതിരിക്കേണ്ടതിന്'എന്നു പറയുമ്പോൾ ഗ്രന്ഥകാരൻ മോശെയെന്ന് സംശയലേശമെന്യേ വ്യക്തമാക്കുന്നു.
- അപ്പൊസ്തലപ്രവൃത്തി 13: 29 ലും 28: 23 ലും 'ന്യായപ്രമാണപുസ്തകം മോശെയുടേതാണെ'ന്ന് പൗലോസ് അപ്പൊസ്തലനും പ്രസ്താവിക്കുന്നു.

**പഞ്ചഗ്രന്ഥങ്ങൾ:**

ബിസി 285 മുതൽ 247 വരെ ഈജിപ്ത് ഭരിച്ചിരുന്ന ടോളമിയുടെ താൽപര്യപ്രകാരം മഹാപുരോഹിതനായ എലെയാസർ 70 എബ്രായ-ഗ്രീക്കു പണ്ഡിതരെ ചുമതലപ്പെടുത്തി ന്യായപ്രമാണം എബ്രായഭാഷയിൽ നിന്ന് ഗ്രീക്കുഭാഷയിലേക്ക് ബിസി 280 ൽ പരിഭാഷപ്പെടുത്തി. അന്ന് ഒറ്റപുസ്തകമായിരുന്ന ന്യായപ്രമാണത്തെ ഇന്നത്തെ നിലയിൽ അഞ്ചാക്കി (ഉൽപത്തി മുതൽ ആവർത്തനം വരെ) തിരിക്കുകയും ചെയ്തു. അങ്ങനെ ഏക ഗ്രന്ഥം പഞ്ച ഗ്രന്ഥമായിത്തീർന്നു.



എൽസി ജോയ്

# ജീവിതത്തിനൊരു ടൈം ടേബിൾ ഉണ്ടായിരിക്കട്ടെ...

ദൈവം ഭൂമിയെ പുനരധിവാസയോഗ്യം ആക്കുന്നതും തുടർന്നുള്ള സൃഷ്ടിപ്പിന്റെ പ്രവൃത്തികളും ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്നു. അതിൽ നിന്നും ഒരു കാര്യം മാത്രം എടുത്തു കാണിക്കുവാൻ ആഗ്രഹിക്കുന്നു ദൈവത്തിന്റെ പ്രവർത്തികൾക്കെല്ലാം ഒന്നാം ദിവസം മുതൽ ആറാം ദിവസം വരെ ഒരു ക്രമവും, സമയപാലനവും ഉണ്ടായിരുന്നു. ഒരു ടൈം ടേബിൾ പ്രകാരം പ്രവർത്തിച്ചതു പോലെയാണല്ലോ നാം അവിടെ കാണുന്നത്. നമുക്ക് നോക്കി പഠിക്കുവാനും, അനുകരിക്കുവാനും ഒരു മാതൃക അല്ലേ മനുഷ്യസൃഷടിയുടെ ആരംഭത്തിൽ തന്നെ ദൈവം കാണിച്ച് തന്നത്.

നമ്മുടെ ജീവിതത്തിന് ഒരു ടൈം ടേബിൾ അത്യാവശ്യമാണന്ന് നാം മനസ്സിലാക്കണം. രാത്രി ഉറങ്ങുവാൻപോകുന്നതിനും രാവിലെ എഴുന്നേൽക്കുന്നതിനും ഒരു സമയനിഷ്ട പാലിക്കുവാൻ കഴിഞ്ഞാൽ നല്ലതെന്ന് ആരും സമ്മതിക്കും. ദൈവത്തിന്റെ ക്രമീകരണം അനുസരിച്ച്, രാത്രി മനഷ്യന് ഉറങ്ങി വിശ്രമിക്കുവാനും (സങ്കീർത്തനം 127:2) മൃഗങ്ങൾക്കുള്ള സഞ്ചാര സമയവുമാണ്(സങ്കീർത്തനം 104:20,21). പകൽ മനുഷ്യന് തന്റെ ഉപജീവനത്തിന് വേണ്ടി അദ്ധ്വാനിക്കുവാനുള്ളതും, മൃഗങ്ങൾക്ക് വിശ്രമിക്കുവാനുള്ള സമയവുമാണ് (സങ്കീർത്തനം 104: 22,23). വിശ്രമത്തിന് ആവശ്യമായ സമയം കണ്ടെത്താതെയും, ധനത്തിന് പ്രഥമ സ്ഥാനം കൊടുത്തുള്ളതുമായ കഠിനാദ്ധ്വാനം വ്യർത്ഥമാണ് (സങ്കീർത്തനം: 127: 2). എന്നാൽ ദൈവം വച്ച ക്രമീകരണങ്ങളിൽ നിന്നും ഗതിമാറിയല്ലേ ഇന്ന് മനുഷ്യൻ ജീവിക്കുന്നത്. ഉറങ്ങാത്ത നഗരങ്ങൾ ലോകത്തിൽ ഇന്ന് എത്ര എണ്ണം! പുതിയതായി അങ്ങനെയുള്ള നഗരങ്ങൾ ഉണ്ടാക്കുന്നതിനുള്ള മൽസരമാണ് നടക്കുന്നതും. അങ്ങനെ രാത്രിയും വൈദ്യുതി വെളിച്ചത്തിൽ പകലെന്ന പോലെ. മനുഷ്യൻ എപ്പോഴും അദ്ധ്വാനം തന്നെ അദ്ധ്വാനം. ആരെയോ തോൽപ്പിക്കാൻ എന്നപോലെ മൽസരിച്ച് പണം സമ്പാദിക്കുന്നു. വൻമാളികയും, ലക്ഷ്വറി ആക്കുവാനുള്ള വിവിധ സാമഗ്രികളും ഒന്നിന് പുറകെ ഒന്നായി സ്വരൂപിക്കുന്നു. പക്ഷേ, ജീവിതത്തിൽ സമാധാനമുണ്ടോ? കുടുംബത്തിൽ സമാധാനം ഉണ്ടോ? അന്യോന്യം വിശ്വാസമുണ്ടോ? ജീവന് സുരക്ഷയുണ്ടോ? വാസ്തവത്തിൽ നാം എന്തെങ്കിലും നേടിയോ?

**ദൈവത്തിന്റെ പ്രവർത്തികൾക്കെല്ലാം ഒന്നാം ദിവസം മുതൽ ആറാം ദിവസം വരെ ഒരു ക്രമവും, സമയപാലനവും ഉണ്ടായിരുന്നു. ഒരു ടൈം ടേബിൾ പ്രകാരം പ്രവർത്തിച്ചതു പോലെയാണല്ലോ നാം അവിടെ കാണുന്നത്.**

ദൈവമക്കളെ, ക്രമം തെറ്റിയ ജീവിതരീതികളുടെ ഭാഗമായി നാമും മാറിയില്ലെ? ലോകത്തിൽ ആകമാനം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തിൽ നാമും ഉൾപ്പെട്ടു പോകുന്നു എന്നത് വാസ്തവമല്ലേ? എങ്കിലും എത്രത്തോളം നമുക്ക് നമ്മെ സൂക്ഷിക്കുവാൻ കഴിയും എന്ന ചിന്തയും, ബോധ്യവും അത്യാവശ്യമാണ്. ധനം ജീവിത ലക്ഷ്യമാക്കാതെയും മത്സരജീവിതത്തിന്റെ ട്രാക്കിൽപ്പെടാതെയും സൂക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

ക്രിസ്തുകേന്ദ്രീകൃതമായ ജീവിതമാണ് ദൈവമക്കളായ നാം നയിക്കേണ്ടത്. രക്ഷിക്കപ്പെട്ട ഓരോ ദൈവ പൈതലിനും അറിയാമല്ലോ നാം എന്തായിരുന്നു കർത്താവിനോട് ഉടമ്പടി ചെയ്തതെന്ന്. നാം ഏറ്റുപറഞ്ഞത് ഇന്ന് മുതൽ ഞാൻ കർത്താവിനായി ജീവിക്കും എന്നല്ലേ? ആ ഉടമ്പടി പാലിച്ചാണോ നാം ഇന്ന് ജീവിക്കുന്നത്? അല്ല എങ്കിൽ അത് എത്ര അപകടകരമായ ഒന്നാണ്. ജീവിതരീതിയുടെ ക്രമത്തിൽ സാവധാനം മാറ്റങ്ങൾ വന്നതുപോലെ നമ്മുടെ മുൻഗണനാക്രമവും മാറിപ്പോയിട്ടുണ്ട്. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം എന്ന് പറയുവാൻ പറ്റുന്ന ജീവിതമാണോ നമ്മുടേത് എന്ന് ഓരോരുത്തരും ഗൗരവമായി ചിന്തിക്കണം.

ഭൗതിക ഉയർച്ചയും ലൗകിക സുഖങ്ങളും മുൻനിർത്തിയുള്ള ഒരു വ്യാജ ആത്മികത ഇന്ന് വളരെയധികം പടർന്നു കഴിഞ്ഞു. ചൈനയിലെ വുഹാനിൽ കൊറോണ പടർന്നപ്പോൾ നമ്മിൽ ആരെങ്കിലും ലോകം മുഴുവൻ ഇത്രയും ഭീകരമായ തോതിൽ ഇത് പടരും എന്ന് ചിന്തിച്ചുവോ? പക്ഷെ, എത്ര വിനാശം വരുത്തിയാണ് ഈ വൈറസ് അതിവേഗം പടരുന്നത്. ഇതുപോലെ തന്നെ വ്യാജ ആത്മികതയുടെ വൈറസും ആത്മികലോകത്തിന് നാശം വിതച്ച് വളരുകയാണ്. പ്രാർത്ഥനകളും, ഉപവാസങ്ങളും, വചനപ്രഘോഷണങ്ങളും, ഒക്കെ ഇന്ന് മുറയ്ക്ക് നടക്കുന്നുണ്ട്. ഓൺലൈൻ മീറ്റിംഗുകൾ വളരെ ഗംഭീരമായി തന്നെ നടക്കുന്നു. പക്ഷേ, ഭൗതിക ഉയർച്ചയും, ലൗകിക സുഖങ്ങളുമല്ലാതെ അതിനപ്പുറം നാം ആഗ്രഹിക്കുന്ന നിത്യതയുടെ ദൂത് എന്തെങ്കിലും ഉണ്ടോ? ഈ ആയുസ് ചെറുതാണെന്നും അത് കർത്താവിന് പ്രസാദമാകും വണ്ണം ജീവിച്ച് കർത്താവിന്റെ ഇഷ്ടം ചെയ്ത് കർത്താവിന്റെ അടുത്ത് എനിക്ക് എത്തിച്ചേരണം എന്നും ആത്മാർത്ഥമായി ആഗ്രഹിച്ച് ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുവാൻ തയ്യാറുള്ള എത്ര പേരുണ്ട് ?

ഒരു ടൈംടേബിൾ അനുസരിച്ചാൽ എന്ന പോലെ, നമ്മുടെ ജീവിതരീതികൾക്ക് ഒരു ക്രമം ഉണ്ടാകണം. ദൈവത്തിന് ജീവിതത്തിൽ പ്രഥമ സ്ഥാനം കൊടുത്ത് ജീവിച്ച് തുടങ്ങുമ്പോൾ എല്ലാം ഒരു ക്രമത്തിൽ ആയിത്തീരും. കാരണം, പിന്നെ നമ്മെ വഴിനടത്തുന്നത് പരിശുദ്ധാത്മാവ് ആയിരിക്കും. ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു (റോമർ 8;14) എന്നാണ് തിരുവചനം പ്രഖ്യാപിക്കുന്നത്. പരിശുദ്ധാത്മാവ് ആരെ നയിക്കുമോ അവർ ദൈവ വചനത്തോട് വാഞ്ഛയുള്ളവരാകും. കുറെ അറിവ് സമ്പാദിക്കുവാൻ അല്ല അവർ വചനം ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുന്നത്. മറിച്ച്, അതിനനുസരണമായി ജീവിതത്തെ ക്രമീകരിക്കുവാനും, ദൈവഹിതം നിറവേറ്റുവാനുമാണ്. അപ്പോഴാണ് എല്ലാം ദൈവം ആഗ്രഹിക്കുന്ന ക്രമത്തിലാകുന്നത്. ■

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ nerveedhi.com സന്ദർശിക്കുക. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ്പ് നമ്പരോ Email ID യോ ഓഫീസിൽ അറിയിക്കുക.

മാസികയുടെ റാപ്പറിൽ ഓരോരുത്തരുടെയും ID നമ്പർ ഉള്ളതിനാൽ നമ്പർ കുറിച്ചു വയ്ക്കുന്നത് പ്രയോജനമായിരിക്കും.

വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട് . ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക. **ഫോൺ : 9495 435 336**

മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക.

നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകമാണ്.

മാസികയെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നത് പ്രയോജനകരമാണ്.

*എഡിറ്റർ*





സുനന്ദ കോശി

# യിസ്രായേൽ ഗൃഹം പണിത സഹോദരിമാർ

"നിന്റെ വീട്ടിൽ വന്ന സ്ത്രീയെ യഹോവ റാഹേലിനെ പോലെയും ലേയയെ പോലെയും ആക്കട്ടെ: അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത്". എന്ന് രൂത്ത് 4:11 ൽ വായിക്കുന്നു. റാഹേലും ലേയയും; ഈ സഹോദരിമാരുടെ ജീവിതത്തിലേക്ക് ഒന്നിറങ്ങിച്ചെന്നാൽ നമുക്ക് പലതും പഠിക്കാനുണ്ട്.

ആദിയിൽ ദൈവം ആദമിനെ സൃഷ്ടിച്ചപ്പോൾ ഒരു ഭാര്യയെ മാത്രമെ കൊടുത്തുള്ളു. എന്നാൽ ഉൽപ്പത്തി 2:24 ൽ മാനവകുലത്തോട് ദൈവം അരുളിച്ചെയ്തു: "പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും, അവർ ഇരുവരും ഏകദേഹമായിത്തീരും. എന്നാൽ ഉൽപ്പത്തി 4:19 ൽ, ആറാം തലമുറക്കാരനായ ലാമേക്ക് ദൈവഹിതത്തിന് വിപരീതമായി രണ്ടു ഭാര്യമാരെ എടുത്തതായി കാണാം. ആദായും സില്ലയും. അങ്ങനെ ആദ്യമായി ബഹുഭാര്യാത്വം നിലവിൽ വന്നു. ഒരു ഭർത്താവും രണ്ടു ഭാര്യമാരും പിന്നെ എങ്ങനെ ദൈവം പറഞ്ഞതുപോലെ ഏകദേഹമായിത്തീരും? ശാരീരിക മാനസിക ആത്മിക ഐക്യം പ്രയാസമായിത്തീർന്നു. ഉൽപ്പത്തി 29 ൽ, ബഹുഭാര്യാത്വത്തിൽ വിവാഹിതരായ രണ്ടു സഹോദരിമാരെ കാണാം, റാഹേലും ലേയയും. ഈ സഹോദരിമാരെ ഇപ്പോൾ 'എതിരാളികളായ സഹഭാര്യമാർ' എന്നു വിളിച്ചാലും തെറ്റില്ല.

അപ്പനായ യിസഹാക്കിന്റെ നിർദ്ദേശം അനുസരിച്ച് (ഉൽപ്പത്തി 28:1,2) അമ്മയുടെ സഹോദരനായ ലാബാന്റെ ഭവനത്തിൽ എത്തി. ലാബാന്റെ ഇളയ മകളും, സുന്ദരിയുമായ റാഹേലിനുവേണ്ടി ഏഴു വർഷം കഠിനാധ്വാനം ചെയ്ത യാക്കോബ് വിവാഹം കഴിഞ്ഞ് അടുത്ത ദിവസം പകൽ വെളിച്ചത്തിൽ ആണ്, ലാബാന്റെ വഞ്ചനയാൽ തനിക്ക് ഭാര്യയായി ലഭിച്ചത് ശോഭ കുറഞ്ഞ കണ്ണുള്ള, ഒട്ടും ആകർഷണീയത ഇല്ലാത്ത, മൂത്ത സഹോദരി ലേയയെയാണ് എന്ന്.

ലാബാൻ യാക്കോബിനെ മാത്രമല്ല സ്വന്തപുത്രിയായ ലേയയെയും വഞ്ചിക്കയായിരുന്നു. തന്റെ മകൾക്ക് ഈ വിവാഹത്തിലൂടെ ഭർത്താവിന്റെ സ്നേഹവും പരിഗണനയും കിട്ടുമെന്ന് ഈ പിതാവ് എങ്ങനെ പ്രതീക്ഷിച്ചു?

**ഈ വക അനുഭവങ്ങളിൽ താണിരിക്കുന്ന, ഇടിഞ്ഞിരിക്കുന്ന നിങ്ങൾ അതിൽ നിന്നു പുറത്തു വന്നെങ്കിൽ മാത്രമേ സ്വന്തഭവനവും ദൈവത്തിന്റെ ഭവനവും പണിയുവാൻ ദൈവകരങ്ങളിൽ നിങ്ങൾ പ്രയോജന പ്പെടുകയുള്ളൂ.**

മകളുടെ സന്തോഷമോ, സുഖമോ, സുരക്ഷയോ പരിഗണിച്ചുവോ? ഒരുവേള യാക്കോബ് അവളെ ഉപേക്ഷിച്ചാലോ എന്ന് ചിന്തിച്ചുവോ? യാക്കോബ് റാഹേലിനുവേണ്ടിയാണ് കഠിനാധ്വാനം ചെയ്തതെന്ന് ലാബാനും ലേയയ്ക്കും ബോധ്യമുണ്ടായിരുന്നുവല്ലോ. അതിനാൽ യാക്കോബ് തന്നെ സ്നഹിക്കയില്ലെന്ന് ലേയയ്ക്കും ചിന്തിക്കാവുന്നതെയുള്ളു. ഇത് അറിഞ്ഞുകൊണ്ടല്ലെ തന്റെ മകളുടെ ജീവിതം ലാബാൻ ചൂതാടിയത്. അപ്പന്റെ കരുതൽ നിമിത്തം ആണെങ്കിൽ പോലും അവൾ ഒരു ബലിയാടാവുകയായിരുന്നു.

ഹൃദയം കൊണ്ടോരോ നിമിഷവും യാക്കോബിന്റെ സ്നേഹം കൊതിച്ചുകൊണ്ട് ലേയ യാക്കോബിനെ സ്നേഹിച്ചു, ശുശ്രൂഷിച്ചു, മൗനമായി എല്ലാം സഹിച്ചു. സ്നേഹിച്ച പെൺകുട്ടിയെ കിട്ടാത്തതിനാൽ കിട്ടിയ ഭാര്യയെ സ്നേഹിക്കാത്തവർ ഇന്നുമില്ലേ? യാതൊരു തെറ്റും ചെയ്യാതെ ജീവിതം മുഴുവൻ തിരസ്ക്കരിക്കപ്പെട്ടവളായി ജീവിക്കുവാൻ വിധിക്കപ്പെട്ടവൾ! അങ്ങനെയെങ്കിൽ ദൈവം മാനിക്കുന്ന ഒരു ദിവസമുണ്ട് എന്ന് ലേയയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനയോടെ കാത്തിരിക്കുക.

ഒന്നോർത്താൽ ഈ തിരസ്കരണം ലേയയുടെ ജീവിതത്തിൽ ഇന്നും ഇന്നലെയും തുടങ്ങിയതല്ല എന്നു നമുക്ക് ഊഹിക്കാവുന്നതേയുള്ളു. കുഞ്ഞനിയത്തി റാഹേൽ ജനിച്ചപ്പോൾ മുതൽ ഇതു തുടങ്ങിയിരിക്കാം. അതുകൊണ്ടായിരിക്കാം യാക്കോബിന്റെ സേവനം തുടർന്നും ലഭിക്കട്ടെ എന്ന് കരുതി അപ്പൻ അവളോട് ഈ കടുംകൈ ചെയ്തത്. കൂടുതൽ മിടുക്കരേയും, സൗന്ദര്യമുള്ളവരെയും അല്ലേ മാതാപിതാക്കൾ, അധ്യാപകർ ഉൾപ്പെടെ, പലരും ഓമനിക്കയും ശ്രദ്ധിക്കയും ചെയ്യുന്നത്? റാഹേൽ മറ്റുള്ളവരുടെ മുൻപിൽ ശ്രദ്ധാകേന്ദ്രമായി തീർന്നപ്പോൾ, ലേയ ഉൾവലിഞ്ഞ് കർട്ടനു പിന്നിലേയ്ക്ക് മറഞ്ഞുനിന്ന് കാണും. തനിക്ക് സൗന്ദര്യമില്ല: നല്ല വ്യക്തിത്വമില്ല എന്ന അപകർഷതാ ബോധത്തിനടിമയായി അവൾ വളർന്നു എന്നു ചിന്തിക്കാം. അവൾ തന്നെക്കുറിച്ച് തന്നെ ഒരു മതിപ്പില്ലാതെ, അന്തർമുഖിയായി എന്നും പറയാം.

മാതാപിതാക്കളും ഗുരുക്കന്മാരും പക്ഷപാതപരമായി പെരുമാറാതിരിക്കുവാൻ എത്ര ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ശ്രദ്ധിക്കപ്പെടാതെ പോകുന്നവരെ ബോധപൂർവ്വം കരുതുന്നവരാകുവാൻ നാം ശ്രദ്ധിക്കണം. അങ്ങനെയുള്ളവർ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുവാൻ ശ്രമിക്കാതെ മാറിനിൽക്കുന്നുണ്ടാവും. അവരെക്കുറിച്ചും ദൈവത്തിന് ഒരു പദ്ധതി ഉണ്ടാകും.

ഇതു വായിക്കുന്ന ആരെങ്കിലും ലേയയെപ്പോലെ അപകർഷതാ ബോധത്തോടും താഴ്ചയോടും കൂടെ അന്തർമുഖി ആയിരിക്കുന്നുവെങ്കിൽ ലേയയുടെ ജീവിതം നിങ്ങൾക്കുള്ള സന്ദേശമാണ്. ഈ വക അനുഭവങ്ങളിൽ താണിരിക്കുന്ന, ഇടിഞ്ഞിരിക്കുന്ന നിങ്ങൾ അതിൽ നിന്നു പുറത്തുവന്നെങ്കിൽ മാത്രമേ സ്വന്തഭവനവും ദൈവത്തിന്റെ ഭവനവും പണിയുവാൻ ദൈവകരങ്ങളിൽ നിങ്ങൾ പ്രയോജനപ്പെടുകയുള്ളൂ. കെട്ടപ്പെട്ട പെൺകഴുതയേയും അതിന്റെ കുട്ടിയെയും കർത്താവിനു വാഹനമേറുവാൻ അഴിച്ചു സ്വതന്ത്രമാക്കപ്പെടേണ്ടതുണ്ട്(ലൂക്കോസ് 19:30,31). വാഴ്ചകൾ, അധികാരങ്ങൾ, മുൻവിധികൾ, സ്വയം മതിപ്പില്ലായ്മ, അപകർഷതാബോധം, കുറ്റബോധം, പരാജയഭീതി, ആന്തരികമുറിവുകൾ, ജയമെടുക്കാൻ കഴിയാത്ത ജഡത്തിന്റെ പ്രവർത്തികളായ അസൂയ, കോപം, പക, പിണക്കം, ഏഷണി, എന്നിവയിൽ നിന്നും സ്വതന്ത്രമാകേണ്ടതുണ്ട്.

എന്നാൽ ഓർക്കുക സ്വാതന്ത്ര്യം എന്നത് ദൈവം വച്ചിരിക്കുന്ന അതിർവരമ്പുകൾ തകർത്തുകൊണ്ട് മുന്നോട്ട് പോവുന്നതല്ല. കുടുംബ ത്തിന്റെ ഉത്തരവാദിത്ങ്ങൾ നിറപടിയായി നിർവ്വഹിച്ചുകൊണ്ട്, അധികാരങ്ങൾക്ക് (മാതാപി താക്കൾ, ഭർത്താവ്, ആത്മികാധികാരങ്ങൾ) കീഴ്പ്പെട്ടുകൊണ്ട് നാം കർത്താവിന് പ്രയോജനമുള്ളവരായിത്തീരുന്നതാണ്. കർത്താവ് ഒരാളിൽ വസിച്ചാൽ നിയന്ത്രണം പിന്നെ അവിടുത്തെ കരങ്ങളിലാണ്. നാം കീഴ്പ്പെടുമെങ്കിൽ സ്വഭാവികമായി ദൈവം വെച്ചിരിക്കുന്ന അധികാരങ്ങൾക്കും കീഴ്പ്പെടുന്നവരായിരിക്കും. ലേയയ്ക്ക് യാക്കോബിന്റെ സ്നേഹം ലഭിച്ചില്ലെങ്കിലും അവൾ അവന് കീഴ്പ്പെട്ടിരുന്നു.

ലേയയെപ്പോലെ സ്വയം മതിപ്പില്ലാത്ത വ്യക്തികളോട് ദൈവം പറയുന്നു: "ഞാൻ നിന്നെ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിച്ചിരിക്കുന്നു (സങ്കീർത്തനം 139:14). ഓരോരുത്തരുടെയും രൂപം, ശബ്ദം, വിരലടയാളം, കഴിവുകൾ, ബലഹീനതകൾ, അനുഭവങ്ങൾ, എല്ലാം വ്യത്യസ്തമാണ്. നിങ്ങൾക്കു പകരം നിങ്ങൾ മാത്രം. അത്ര വാൽസല്യത്തോടും കരവിരുതോടും കൂടെ ദൈവം തന്റെ പദ്ധതിയുടെ പൂർത്തികരണ

ശേഷം പേജ് 30 ▶



# മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവ്

ആ കാലത്തു യേശു ശബ്ബത്തിൽ വിളഭൂമിയിൽ കൂടി കടന്നുപോയി; അവന്റെ ശിഷ്യന്മാർ വിശന്നിട്ടു കതിർ പറിച്ചു തിന്നു തുടങ്ങി. പരീശർ അതു കണ്ടിട്ടു: ഇതാ, ശബ്ബത്തിൽ വിഹിതമല്ലാത്തതു നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്നു അവനോടു പറഞ്ഞു. അവൻ അവരോടു പറഞ്ഞതു: ദാവീദ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ ചെയ്തതു എന്ത്? അവൻ ദൈവാലയത്തിൽ ചെന്നു പുരോഹിതന്മാർക്കു മാത്രമല്ലാതെ തനിക്കും കൂടെയുള്ളവർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ? അല്ല, ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വെച്ചു ശബ്ബത്തിനെ ലംഘിക്കുന്നു എങ്കിലും കുറ്റമില്ലാതെ ഇരിക്കുന്നു എന്നു ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ? എന്നാൽ ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ട് എന്നു ഞാൻ നിങ്ങളോടു പറയുന്നു. യാഗത്തിലല്ല, കരുണയിൽ അത്രേ, ഞാൻ പ്രസാദിക്കുന്നു എന്നുള്ളതു എന്തു എന്നു നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു. മനുഷ്യപുത്രനോ ശബ്ബത്തിനു കർത്താവാകുന്നു (മത്തായി 12 : 1-8).

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആശ്വാസം പ്രാപിക്കുവാൻ തന്റെ അടുക്കൽ വന്ന് തന്നിൽ നിന്നും പഠിക്കുവാൻ യേശു ആഹ്വാനം ചെയ്തതിനു പിന്നാലെ ആ ദിവസങ്ങളിൽ നടന്ന ഒരു സംഭവം മത്തായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് മുകളിൽ വായിച്ചത്. ഇത് വളരെ സന്ദർഭോചിതമായിരിക്കുന്നു. ഇവിടെ പരീശന്മാരുടെ ആരോപണം യേശുവിന്റെ ശിഷ്യന്മാർ ശബ്ബത്ത് ലംഘിച്ചു എന്നതാണ്. വിശന്നിട്ട് ശിഷ്യന്മാർ വയലിൽ നിന്നും കതിർ പറിച്ചു തിന്നതാണ് കുറ്റമായി വ്യാഖ്യാനിക്കപ്പെട്ടത്.

വയലിൽ നിന്നും കതിർ പറിച്ചു തിന്നതു തെറ്റായിരുന്നുവോ? തീർച്ചയായും അല്ല. ന്യായപ്രമാണത്തിൽ ഇപ്രകാരമാണ് കല്പന: "കൂട്ടുകാരന്റെ വിളഭൂമിയിൽകൂടി പോകുമ്പോൾ നിനക്കു കൈകൊണ്ടു കതിർ പറിക്കാം; എങ്കിലും കൂട്ടുകാരന്റെ വിളവിൽ അരിവാൾ വെക്കരുത്" (ആവർത്തനം 23 : 25). കതിർ പറിച്ചു തിന്നുവാൻ അനുവാദമുണ്ടായിരുന്നതിനാൽ ശിഷ്യന്മാർ തെറ്റു ചെയ്തിട്ടില്ല. എന്നാൽ ശബ്ബത്തിൽ അപ്രകാരം ചെയ്യുവാൻ പാടില്ല എന്നാണ് പരീശന്മാരുടെ വാദം.

പരീശന്മാർ ന്യായപ്രമാണത്തെ വ്യാഖ്യാനിച്ച രീതി തെറ്റായിരുന്നു എന്നതിനാൽ ആണ് കർത്താവ് ആ വാദമുഖത്തെ തള്ളിക്കളഞ്ഞത്. താൻ ശബ്ബത്തിന് കർത്താവാണ് എന്ന കാര്യം കർത്താവ് അവരെ ഓർമ്മിപ്പിക്കുന്നു. ഓരോ ദിവസത്തെയും ഉണ്ടാക്കിയതും, ഏഴാം ദിവസത്തെ ശുദ്ധീകരിക്കുവാൻ നിയമം കൊടുത്തതും കർത്താവ് തന്നെയാണ്. അതുകൊണ്ട് ആ നിയമത്തിന്റെ അർത്ഥം ശരിയായി നമ്മെ ഗ്രഹിപ്പിക്കുവാൻ ശക്തനും കർത്താവു തന്നെയാണ്.

ശിഷ്യന്മാർ യേശുവിൽ നിന്നും പഠിക്കുന്നതിനു കർത്താവിനോടുള്ള സ്നേഹാദരവോടുകൂടി കർത്താവിനെ അനുഗമിക്കുമ്പോൾ, പരീശന്മാരാകട്ടെ അസൂയയിൽ നിന്നുള്ള വിദ്വേഷത്തോടെ യേശുവിൽ കുറ്റം കണ്ടെത്തുന്നതിനും കർത്താവിന്റെ പരസ്യ ശുശ്രൂഷയെ തടസ്സപ്പെടുത്തുന്നതിനും വേണ്ടിയാണ് കർത്താവ് പോകുന്നിട

ത്തൊക്കെ എത്തിയിരുന്നത്. എങ്കിലും പരീശന്മാരുടെ ചോദ്യവും കർത്താവിന്റെ മറുപടിയും നമുക്കു കർത്താവിന്റെ വചനത്തെ ഗ്രഹിക്കുന്നതിനു സഹായകമായിരിക്കുന്നു.

ശബ്ബത്തിൽ വേല ചെയ്യുന്നതിനെ വിലക്കിയിരുന്നു. ആ വേദഭാഗങ്ങളെ ശ്രദ്ധിക്കുന്നതു നമ്മുടെ പഠനത്തിനു പ്രയോജനകരമാണ്. "ആറു ദിവസം വേല ചെയ്യേണം; ഏഴാം ദിവസം സ്വസ്ഥമായിരിക്കേണം; വിതക്കാലമോ കൊയ്തുകാലമോ ആയാലും സ്വസ്ഥമായിരിക്കേണം" (പുറപ്പാട് 34 : 21). ശബ്ബത്ത് നാളിൽ വിറകു പെറുക്കിയ വ്യക്തിക്കു മരണശിക്ഷ വിധിക്കുന്നതു സംഖ്യാപുസ്തകം 15 : 32-36 വരെയുള്ള വേദഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ഏഴാം ദിവസം സ്വസ്ഥമായിരിക്കണം എന്നതിനു യാതൊരു വിട്ടുവീഴ്ചയും അനുവദിച്ചിട്ടില്ല.

ശബ്ബത്ത് നാളിൽ എല്ലാവർക്കും എല്ലാവിധ ജോലികളിൽ നിന്നും പൂർണ്ണ വിശ്രമമാണ് ദൈവം കല്പിച്ചിരുന്നത്. മരുഭൂമിയിൽ അവർക്കു ലഭിച്ചിരുന്ന മന്ന അതാതു ദിവസമായിരുന്നു പെറുക്കേണ്ടത്. അടുത്ത ദിവസത്തേക്കു ശേഷിപ്പിക്കുവാൻ പാടില്ലായിരുന്നു. എന്നാൽ ശബ്ബത്തിന്റെ തലേന്നാൾ അതായതു 6-ാം ദിവസം ശബത്തുനാൾക്കുള്ളതു കൂടി പെറുക്കുവാൻ അനുവാദമുണ്ടായിരുന്നു (പുറപ്പാട് 16 : 29, 30). ശബ്ബത്ത്നാൾ യഹോവയ്ക്കു വിശുദ്ധമായി വേർതിരിക്കണം. അന്ന് ആരുടെയും വാസസ്ഥലത്തു ആഹാരം പാകം ചെയ്യുന്നതിന് അനുവാദമില്ലായിരുന്നു. ആരുടെയും വാസസ്ഥലത്തു തീ കത്തിക്കരുതെന്ന് ആയിരുന്നു പ്രമാണം (പുറപ്പാട് 35: 1-3). കാരണം ആഹാരം പാകം ചെയ്യുന്നതിന് അദ്ധ്വാനവും സമയവും ആവശ്യമാണല്ലൊ. ശബ്ബത്ത് ദിവസം യഹോവക്കുവേണ്ടി വേർതിരിച്ച് അവർ വിശ്രമിക്കുകയും ആത്മീക കാര്യങ്ങളിൽ വ്യാപൃതരാകുകയുമാണ് വേണ്ടിയിരുന്നത്.

ശബ്ബത്തു നാളിൽ ആഹാരം കഴിക്കുവാൻ അനുവാദമുണ്ടായിരുന്നു. അതിനാൽ തലേനാൾ തന്നെ ആഹാരം തയ്യാറാക്കി വെയ്ക്കുവാനായിരിക്കുമല്ലോ അവർക്കു ലഭിച്ച കല്പന. മന്നയുടെ കാര്യത്തിൽ അപ്രകാരമായിരുന്നു കല്പിച്ചത്. അതു അവരുടെ മരുഭൂമിയിൽ കൂടി വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയിൽ നൽകപ്പെട്ട പ്രമാണമാണ്. കനാനിൽ വന്ന് സ്ഥിരതാമസമാക്കിയതിനു ശേഷം ചില വ്യത്യാസങ്ങൾ ഉണ്ടായിക്കാണാം. അതായത് തലേനാൾ ശബ്ബത്ത് ആരംഭിക്കുന്നതിനു മുമ്പ് തയ്യാറാക്കിയ ഭക്ഷണം, ഇളം ചൂടായിരിക്കത്തക്ക നിലയിൽ ശബ്ബത്തിനു മുമ്പു കത്തിച്ച തീക്കനലിന്മേൽ വെയ്ക്കുക തുടങ്ങിയുള്ള ക്രമീകരണങ്ങൾ.

യെശയ്യാ പ്രവാചകൻ മുഖാന്തരം ദൈവം അരുളി ചെയ്ത വചനങ്ങൾ ഈ വിഷയത്തിൽ വെളിച്ചം പകരുന്നുണ്ട്. "നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കി വെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലെക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥ സംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും" (യെശയ്യാവ് 58 :13).

യേശുവും ശിഷ്യന്മാരും വിളഭൂമിയിലൂടെ നടന്നതിനെതിരെ ആരോപണം ഉണ്ടായില്ല. കാരണം ശബ്ബത്ത് ദിനത്തിൽ അനുവദിക്കപ്പെട്ട ദൂരം മാത്രമേ അവർ നടന്നുള്ളൂ. ശബ്ബത്തിൽ ആഹാരം കഴിക്കുവാൻ വിലക്കില്ല. കതിർ പറിച്ചെടുത്തു എന്ന പ്രവൃത്തിക്കെതിരെയാണ് ആരോപണം ഉണ്ടായത്. അത് ശബ്ബത്തിനെ സംബന്ധിച്ചു കർത്താവ് കൊടുത്ത നിയമത്തെ ദുർവ്യാഖ്യാനം ചെയ്തതിനാൽ അവർക്കുണ്ടായ ആശയക്കുഴപ്പമായിരുന്നു.

ശബ്ബത്തിൽ വിഹിതമല്ലാത്തതു ചെയ്തു എന്നു ശിഷ്യന്മാരെക്കുറിച്ചു പരീശന്മാർ ആരോപിക്കുമ്പോൾ, കർത്താവ് ശിഷ്യന്മാരെ ന്യായീകരിക്കുകയാണ് ചെയ്തത്. കാരണം ശിഷ്യന്മാർ വിഹിതമല്ലാത്തതു ഒന്നും ചെയ്തില്ലായിരുന്നു. പലപ്പോഴും മനുഷ്യർ ശരിയായി കാര്യങ്ങൾ ഗ്രഹിക്കുകയും ദൈവവചനം മനസ്സിലാക്കുകയും ചെയ്യാത്തതിനാൽ വെറുതെ മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കയും, ചിലപ്പോൾ വചനത്തിന്റെ ദൃഷ്ടിയിൽ തെറ്റായിരിക്കുന്നത് തെറ്റ് അല്ലെന്നു ന്യായീകരിക്കയും ചെയ്യും. ശോധന ചെയ്തു അങ്ങനെ സംഭവിക്കുന്ന തെറ്റുകളെ തിരുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

ദാവീദിന്റെ ഒരു അനുഭവം തിരുവെഴുത്തിൽ നിന്നും കർത്താവ് പരീശന്മാർക്കു ചൂണ്ടിക്കാട്ടുന്നു. പുരോഹിതന്മാർക്കു മാത്രമല്ലാതെ ആർക്കും ഭക്ഷിക്കുവാൻ അനുവാദമില്ലാത്ത കാഴ്ചയപ്പം ദാവീദും കൂടെയുണ്ടായിരുന്നവരും ഭക്ഷിച്ച സംഭവമായിരുന്നു അത്. കാഴ്ചയപ്പം പുരോഹിതന്മാർക്കായി, അതായതു അഹരോനും പുത്രന്മാർക്കും മാത്രമായി ശാശ്വതാവകാശമായി ദൈവം കല്പിച്ചു കൊടുത്തതാണ്. അവർ അതു ഒരു വിശുദ്ധ

സ്ഥലത്തു വെച്ചു തിന്നണമായിരുന്നു (ലേവ്യ 24: 5-9). അഹീമേലെക്ക് പുരോഹിതൻ ഈ അപ്പമാണ് ദാവീദിനും കൂടെയുള്ളവർക്കും ഭക്ഷിക്കുവാൻ കൊടുത്തത് (1 ശമുവേൽ 21:1-6). ഈ അപ്പം കൊടുക്കുമ്പോൾ പുരോഹിതൻ പറഞ്ഞ വ്യവസ്ഥ 'ബാല്യക്കാർ സ്ത്രീകളോടു അകന്നിരിക്കുന്നു എങ്കിൽ' എന്നു മാത്രമായിരുന്നു. അവർ 3 ദിവസമായി സ്ത്രീകളോട് അകന്നിരിക്കുകയായിരുന്നതിനാൽ ആ അപ്പം വാങ്ങി വിശുദ്ധ സ്ഥലത്തു വെച്ച് ഭക്ഷിച്ചു. ഇതു ദൈവ വ്യവസ്ഥക്ക് എതിരാണെന്നു അഹീമേലെക് പുരോഹിതനോ, ദാവീദിനോ മറ്റ് ആർക്കുമോ തോന്നിയില്ല. പില്ക്കാലത്തും ആരും ദോഷം ആരോപിച്ചില്ല. വാസ്തവത്തിൽ ദൈവം പുരോഹിതന്മാരുടെ സന്ധാരണത്തിനുള്ള ഒരു ക്രമീകരണമായിട്ടാണ് ഇതു ചെയ്തിരുന്നത്. അത്യാവശ്യ സമയത്ത്, ദൈവത്തിന്റെ അഭിഷിക്തൻ എന്നു പുരോഹിതനു ബോധ്യമുണ്ടായിരുന്ന ദാവീദിനും കൂടെയുള്ളവർക്കും, തന്റെ അവകാശത്തിൽ നിന്നും ആ അപ്പം നൽകിയാൽ പാപം അല്ലെന്നു പുരോഹിതൻ തിരിച്ചറിഞ്ഞിരുന്നു.

പരീശന്മാരെ കർത്താവ് ഓർമ്മിപ്പിക്കുന്ന രണ്ടാമത്തെ വിഷയം: ശബ്ബത്തിൽ വേല ചെയ്യരുതെന്നു കല്പിച്ച ദൈവം ദൈവാലയത്തിൽ ശബ്ബത്തിൽ ഹോമയാഗം കഴിക്കുന്നതിനു പുരോഹിതന്മാർക്കു കല്പന കൊടുക്കുന്നു. ദൈവത്തിനു, ദൈവം കല്പിച്ച പ്രകാരം, ഹോമയാഗം (സംഖ്യാപുസ്തകം 28: 9, 10) കഴിക്കുന്നതിനു ചെയ്യേണ്ട അദ്ധ്വാനം ശബ്ബത്തിന്റെ ലംഘനമായിരുന്നില്ല. അതു പുരോഹിതന്മാർ ശബ്ബത്തുതോറും ചെയ്യുവാൻ നിയമ കർത്താവായ ദൈവം കല്പിച്ചിരുന്നു. ദൈവത്തിന്റെ ആലയത്തിൽ ചെയ്യേണ്ടിയിരുന്ന വേല ശബ്ബത്തിന്റെ ലംഘനമായിരുന്നില്ല. അതിനാൽ കർത്താവ് പറയുന്നു: "ഇവിടെ ഇതാ ദൈവാലയത്തെക്കാൾ വലിയവൻ." ദൈവാലയത്തെക്കാൾ വലിയവൻ ദൈവാലയത്തിൽ വാഴുന്നവനാണ്! അതേ കർത്താവിനെയാണ് ശിഷ്യന്മാർ അനുഗമിക്കുന്നത്. ആ കർത്താവിനു ശുശ്രൂഷ ചെയ്യുന്ന ശിഷ്യന്മാർ വിശന്നപ്പോൾ കതിർ പറിച്ചു തിന്നത് ശബ്ബത്തിന്റെ ലംഘനം ആകുന്നില്ല.

കർത്താവ് തിരുവെഴുത്തിൽ നിന്ന് ഒരു വചനം അവരോട് ഉദ്ധരിക്കുന്നു: "യാഗത്തിലല്ല, കരുണയിൽ അത്രേ, ഞാൻ പ്രസാദിക്കുന്നു" (ഹോശയ 6:6), "ഞാൻ പ്രസാദിക്കുന്നു", "ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ട്", "മനുഷ്യപുത്രനോ ശബ്ബത്തിനും കർത്താവാകുന്നു" എന്നീ പ്രയോഗങ്ങൾ എല്ലാം യേശു ദൈവമാകുന്നു എന്നതിനെയും തന്റെ പരമാധികാരത്തെയും വെളിപ്പെടുത്തുന്നതാണ്. യാഗത്തിലല്ല കരുണയിലാണ് യേശു (ദൈവം) പ്രസാദിക്കുന്നത്. *കരുണ എന്നാൽ സഹായിക്കുവാനുള്ള മനസ്സൊരുക്കം, ക്ഷമിക്കുവാനും ഒരു വ്യക്തിയെ കുറ്റം ആരോപിച്ച് പാപി എന്നു മുദ്ര കുത്താതെ, വിടുവിക്കുന്ന മനസ്സിന്റെ നല്ല വശമാണ്.* കുറ്റാരോപിതരുടെ സ്ഥാനത്തു നിന്നുകൊണ്ട് അവനെ മനസ്സിലാക്കാതുള്ള അവസ്ഥയിൽ, കുറ്റാരോപിതരെ മനസ്സിലാക്കുന്ന നല്ല മനസ്സ്! നല്ലവനായ ദൈവം നാമും തന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്നതാണ് ഇഷ്ടപ്പെടുന്നത്. യാഗത്തിന്റെ പേരിൽ വ്യക്തികളെ ബലിയാടുകൾ ആക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. ഇത് അവർ ഗ്രഹിച്ചിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു.

കർത്താവ് പരീശന്മാർക്കു പറഞ്ഞു കൊടുക്കുന്ന പാഠം നാമും ഉൾക്കൊള്ളണം. പരീശഭക്തി വലിയ അപകടമാണ്. ദൈവവചനത്തെ വ്യാഖ്യാനിക്കുമ്പോൾ നല്ല ഉദ്ദേശ്യവും നല്ല മനോഭാവവും അതിന്റെ പിന്നിൽ ഉണ്ടായിരിക്കണം. മറ്റുള്ളവരെ കുറ്റം വിധിക്കുകയല്ല നമ്മുടെ ഉദ്ദേശ്യം; പ്രത്യുത നമ്മുടെ കുറവുകളെ കണ്ടെത്തി ശുദ്ധീകരിക്കപ്പെടുക എന്നതാണ് വചന പഠനത്താൽ നാം ആഗ്രഹിക്കേണ്ടത്. അതിനു ദൈവം നമ്മെ സഹായിക്കട്ടെ! •


**വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്**

**ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ**

**NERVEEDHI YouTube ചാനൽ സന്ദർശിക്കുക.**

**യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ**

**NCCA MEDIA**

**YouTube**

**സന്ദർശിക്കുക.**

## 16 കർത്താവിന്റെ മടങ്ങിവരവ് ഈ നാളുകളിൽ തന്നെയോ?

ത്തിലേക്കു പതിക്കും എന്നും അങ്ങനെ സമുദ്രത്തിലെ മത്സ്യ സമ്പത്തും കപ്പലുകളും തകർന്നു പോകും എന്നും ഇതിന്റെ റേഡിയേഷനും ചൂടും കൊണ്ട് വെള്ളത്തിന്റെ $H_2O$ എന്ന ഘടനയ്ക്ക് രാസമാറ്റം സംഭവിച്ച് രക്ത നിറം പോലെ ആകും എന്നും കാണുന്നു. അതിഭയങ്കരമായ ഉൽക്ക വന്നു പതിക്കുമ്പോൾ ഉണ്ടാകാൻ പോകുന്ന ഭൂകമ്പത്തിൽ ദ്വീപുകളും മലകളും വരെ സ്ഥാനം മാറി പോകും (വെളിപ്പാട് 6:14). ഈ ഭയാനക പ്രതിഭാസത്തിൽ ഭൂമി വിണ്ടു കീറി ഒരുപക്ഷേ ഭൂമിയുടെ അധോഭാഗത്തെ ലാവ ഉയർന്നുവന്ന് അണ്ടർവാട്ടർ ലവലിലേക്ക് കൂടിക്കലർന്ന് കുടിവെള്ള സ്രോതസ്സുകൾ കയ്പുള്ളതായി മാറും (വെളിപ്പാട് 8 : 10–11). ഭൗമ അന്തരീക്ഷം ഈ ഛിന്നഗ്രഹങ്ങളുടെ പതനം മൂലം നശിച്ചിട്ട് സൂര്യന്റെ അപകടകരമായ രശ്മികൾ നേരിട്ടു പതിച്ച് മനുഷ്യന് മഹാവ്യാധി ഭവിക്കും (വെളിപ്പാട് 6 : 8). വലിയ ഛിന്നഗ്രഹം വന്നിടിച്ചാൽ ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്ന് സ്ഥാനം മാറിപ്പോവുകയും ഒരു ഭാഗം മുഴുവൻ സൂര്യന്റെ കിരണങ്ങളുടെ കൃത്യ അനുപാതം ലഭിക്കാതെ വരികയും ചെയ്യും. അങ്ങനെ ഭൂമിയിൽ നിന്നു നോക്കുമ്പോൾ സൂര്യൻ കരിമ്പടം പോലെ കറുത്തും ചന്ദ്രൻ രക്തതുല്യമായും കാണപ്പെടും (വെളിപ്പാട് 6 : 12). സത്യത്തിൽ ഉടൻ സംഭവിക്കാൻ പോകുന്ന ഈ ദൈവക്രോധ നിവർത്തീകരണം ഇതു വായിച്ചു കേട്ട ആദിമ സഭയേക്കാൾ എത്രയധികം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്? ഈ മഹോപദ്രവ കാലം വരുന്നതിനു മുമ്പേ ദൈവ സഭ ഭൂമിയിൽ നിന്നു മാറ്റപ്പെടണം.

**(4)അന്ത്യകാലത്തു നടക്കേണ്ടിയ വിശ്വാസത്യാഗം.**

"അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും.... ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമോത്തിയോസ് 3 : 1–5). ആത്മീകർ അനേകരും ജഡീകരായി മാറിക്കൊണ്ടിരിക്കുന്ന ദയനീയ കാഴ്ചയാണ് ഇന്നത്തെ സഭകളിൽ നാം കാണുന്നത്. ആത്മസ്വഭാവമുള്ളവർ ആത്മാവിനും നിത്യതയ്ക്കും വേണ്ടിയതു ചിന്തിക്കുകയും പഠിപ്പിക്കുകയും പഠിക്കാനാഗ്രഹിക്കുകയും ചെയ്യും. എന്നാൽ ജഡസ്വഭാവമുള്ളവർ ജഡത്തിനും മോഹങ്ങൾക്കും ലോകനേട്ടങ്ങൾക്കും പിറകെ പായും. വചനത്തിനും വിശുദ്ധിക്കും ത്യാഗപരമായ ക്രിസ്തീയ ജീവിതത്തിനും മനസ്സില്ലാതെ ഭൗതിക വിടുതലും സാമ്പത്തിക നേട്ടങ്ങളും പേരും പ്രശസ്തിയും മാത്രം ഇന്ന് അനേകർ ലക്ഷ്യമാക്കുന്നു. കഷ്ടങ്ങളും ഉപദ്രവങ്ങളും നിന്ദകളും അനുഭവിക്കുന്നത് ഒരു പദവിയായി കണ്ടിരുന്ന ആദിമ വിശ്വാസികളുടെ സ്ഥാനത്ത് ഇവയെ എല്ലാം പോരും ബാധയും ബന്ധനവും എന്ന വിധത്തിൽ ചിത്രീകരിക്കുകയും ഈ കഷ്ടതയിൽ നിന്നുള്ള "വിടുതലും" ഭൗതീക ഉയർച്ചയുമാണ് ആത്മീയതയുടെ ആത്യന്തിക ലക്ഷ്യം എന്ന് പഠിപ്പിക്കുന്നവരും ഇന്ന് പെരുകിക്കൊണ്ടിരിക്കുന്നു. വിശ്വാസം എന്നത് ഇന്നത്തെ തലമുറയ്ക്ക് ജഡത്തിന്റെയും ഭൗതീക മോഹങ്ങളുടെയും നിവർത്തികരണത്തിനുള്ള ഉപാധിയാണ്. മതപരമായ പുണ്യസ്ഥലങ്ങളിലേക്ക് ജനത്തെ ആകർഷിക്കുന്നത് എന്തോ അതുതന്നെയാണ് ഇന്നത്തെ പല പ്രസംഗകരിലേക്കും സഭകളിലേക്കും ജനത്തെ ആകർഷിച്ചുകൊണ്ടിരിക്കുന്നത്.

ആകയാൽ ഈ അന്ത്യനാളുകിൽ ദൈവസഭ ഉണരേണ്ടിയ സമയമായി. ഭൗതിക മോഹങ്ങളിലേക്കും ജഡീക ആഗ്രഹങ്ങളിലേക്കും മനുഷ്യനെ അടുപ്പിക്കുന്ന പ്രസംഗകർക്കും പ്രവാചകന്മാർക്കും പകരം വിശുദ്ധിയും വേർപാടും ക്രിസ്തുവിനായി ത്യാഗം ചെയ്യലും പഠിപ്പിക്കുന്ന യഥാർത്ഥ പ്രവാചകർ എഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോകത്തിനും അതിന്റെ മോഹങ്ങൾക്കും നൽകാൻ ഇനി സമയമില്ല. മഞ്ഞുപൊഴിയുന്ന നാടും ഉയർന്നു പൊങ്ങുന്ന മണിമേടകളും മിന്നിത്തിളങ്ങുന്ന ലോക നേട്ടങ്ങളും നമ്മുടെ സ്വപ്നമാകാതിരിക്കട്ടെ. ഇനി നമ്മുടെ സ്വപ്നം നശിച്ചു പോകുന്ന ആത്മാക്കളെ നേടാനും വിശുദ്ധിയ്ക്ക് വിലകൊടുക്കാനും നിത്യതയിൽ പോകാനും എന്നാകട്ടെ. പിശാചിനെയും അവന്റെ ബന്ധനങ്ങളെയും ഭയപ്പെട്ടു ജീവിക്കുന്ന അവസ്ഥകൾ മാറി, ക്രിസ്തുവിൽ നാം ആരാണ് എന്ന ഉറപ്പോടെയുള്ള ജീവിതം ദൈവം നമുക്കു തരട്ടെ. "ഇതു സാക്ഷീകരിക്കുന്നവൻ : അതേ ഞാൻ വേഗം വരുന്നു എന്ന് അരുളിചെയ്യുന്നു; ആമേൻ കർത്താവായ യേശുവേ, വരേണമേ" (വെളിപ്പാട് 22 : 20). ലക്ഷണങ്ങളെക്കാളുപരി വാക്കുമാറാത്ത കർത്താവിന്റെ വാക്കു തന്നെയാണ് പ്രഥമമായി നാം കാണേണ്ടത്. ●

## 8 മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ

എന്നപോലെ പത്രൊസ് രക്ഷയിൽ വളരുവാൻ മരുന്നും പഥ്യവും കല്പിക്കുന്നു. സകല ദുഷ്ടതയും ഉപേക്ഷിക്കണം, വചനമെന്ന മായമില്ലാത്ത പാൽ കുടിക്കണം.

"വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ" (1 പത്രൊസ് 2:2) എന്നാണ് പത്രൊസിന്റെ ആഹ്വാനം. 'മായ'മില്ലാത്ത പാൽ എന്നതു വളരെ പ്രസക്തമാണ്. കാരണം, ദൈവപൈതലിലേക്കു പഴയ മനുഷ്യനെ കടത്തിവിടുന്നതിൽ പരാജയപ്പെട്ടാൽ പിന്നെ ലോകം പരിശ്രമിക്കുന്നത്, അവൻ കുടിക്കാനിഷ്ടപ്പെടുന്ന പാലിൽ മായം കലർത്തുകയെന്നതാണ്. ഇക്കാലയളവിൽ ഇതു വളരെ പ്രസക്തമാകുന്നുണ്ട്. സഭയിലെ അനാത്മികരെ വീഴിക്കാൻ പിശാച് ലോകത്തിന്റെ വഞ്ചനകൾ മധുരം പുരട്ടി അവർക്കു നല്കുന്നു. സഭയിലെ ആത്മീയരെ തകർക്കാൻ പിശാച് പ്രയോഗിക്കുന്ന തന്ത്രം വചനത്തിൽ അൽപാൽ പം മായം ചേർക്കുകയാണ്. പ്രസംഗകർ വേദപുസ്തകത്തിന്റെ ഏതെങ്കിലും ഉപദേശത്തിനു അമിത ശക്തീകരണം നല്കുകയോ ഏതെങ്കിലും ഭാഗത്തിന്റെ പ്രാധാന്യം വെട്ടിക്കുറയ്ക്കുകയോ ചെയ്യുമ്പോൾ അവർ നിർമല വചനത്തിൽ മായം കലർത്തുകയാണ്. പലരും വചനം ജനങ്ങൾക്കു കൂടുതൽ ആസ്വാദ്യകരമാകുവാൻ ലോകത്തിന്റെ പഞ്ചസാരയിട്ട് ഇളക്കിക്കൊടുക്കുന്നു. ഓർക്കുക, പഞ്ചസാര ആവശ്യമായിരിക്കുന്നത് കൃത്രിമപ്പാലിലാണ്. അമ്മയുടെ മുലപ്പാലിൽ ആരും പഞ്ചസാരചേർത്തു ഇളക്കിക്കൊടുക്കാറില്ല.

ദൈവവചനത്തിൽ ലോകത്തിന്റെ മായം ചേർക്കുന്നതുപോലെതന്നെ പലരും ഇന്നു വചനത്തിന്റെ ശിക്ഷണത്തെ വെള്ളംചേർത്ത് ലഘൂകരിക്കാറുമുണ്ട്. കഷ്ടതയും ക്രൂശും ഇന്നു പ്രസംഗിക്കപ്പെടുന്നില്ല. മധുരം ചേർക്കുന്നതുപോലെതന്നെ വെള്ളം ചേർക്കുന്നതും മായമാണെന്നോർക്കണം!

'വാഞ്ഛിപ്പിൻ' എന്ന പ്രയോഗവും വളരെ ശ്രദ്ധിക്കേണ്ടതുതന്നെ. വചനമെന്ന പാൽ കുടിക്കുവാനുള്ളത് ദൈവപൈതലിന്റെ വെറുമൊരു ആഗ്രഹമല്ല; തൃഷ്ണയാണ്, അഭിവാഞ്ഛയാണ്. ''മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ ആവലോടെ ഓടിപ്പോകുന്നതുപോലെ'' (സങ്കീ.42:1) യാണ് ദൈവപൈതൽ ദൈവവചനത്തിനായി തിരയുന്നത്. ഇപ്പോൾ ജനിച്ച ശിശു ആകെ കരയുന്നതു മുലപ്പാലിനുവേണ്ടി മാത്രമാണെന്നോർക്കണം! അതു കിട്ടുംവരെ കരഞ്ഞുകരഞ്ഞുകൊണ്ടിരിക്കും; കിട്ടിയാലോ, സംതൃപ്തിയോടെ കിടന്നുറങ്ങും.

"കർത്താവ് ദയാലുവെന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ! (1 പത്രൊസ് 2:3) എന്നു പത്രൊസ് പറയുന്നു. കർത്താവ് ദയാലു എന്നു നിങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ളതുകൊണ്ട് നിങ്ങൾ സകല ദുഷ്ടതയും ഉരിഞ്ഞുകളയണം.! കർത്താവ് ദയാലു ആയതുകൊണ്ട് ദുഷ്ടതയെ ഉരിഞ്ഞുകളഞ്ഞാൽ-പഴയ മനുഷ്യനെ അതിന്റെ രാഗമോഹത്തോടുകൂടെ ക്രൂശിച്ചാൽ - അവിടുന്നു ദയ തോന്നി നമ്മെ നീതിയുടെ പുതിയ വസ്ത്രം ധരിപ്പിക്കും. കർത്താവ് ദയാലു ആയതിനാൽ ദുഷ്ടതയെ ഉരിഞ്ഞുകളഞ്ഞാൽ-ലോകത്തെ ഉപേക്ഷിച്ചാൽ അവിടുന്നു നമ്മെ അവന്റെ മാറു ചുരത്തുന്ന മായമില്ലാത്ത പാൽകൊണ്ട് (വചനംകൊണ്ട്) പരിപോഷിപ്പിക്കും!

കർത്താവ് ദയാലു എന്നത് നാം 'ആസ്വദിക്കുക' യാണ്! 'യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ' (സങ്കീർത്തനം 34:8). ആസ്വദിക്കുന്നത് അകന്നു നിന്നല്ല എന്നു നാം അറിയണം. നാം കാണുകയോ കേൾക്കുകയോ മണക്കുകയോ ചെയ്യുന്നതുപോലെയല്ല, ആസ്വദിക്കുന്നത്. ആസ്വദിക്കണമെങ്കിൽ ചേർന്നു വരണം! ചേർന്നിരിക്കണം. ഇവിടെയാണ് പത്രൊസ് അമ്മ എന്ന രൂപകത്തിൽനിന്നു "ജീവനുള്ള കല്ല്" എന്ന പുതിയൊരു രൂപകത്തിലേക്ക് (Metaphor) കടക്കുന്നത്! നമ്മെ ജനിപ്പിച്ചതു ദൈവമാണെങ്കിൽ ആ ദൈവത്തിന്റെ വചനം കൊണ്ടുമാത്രം നാം ജീവിക്കണം, വളരണം. നാം ലോകത്തിൽനിന്നു ഒന്നും സ്വീകരിച്ചുകൂടാ. ജനനത്തിന് നാം ദൈവത്തിൽ സമ്പൂർണമായി ആശ്രയിച്ചതുപോലെ ജീവനും വളർച്ചയ്ക്കും അവനിൽതന്നെ നാം ആശ്രയിക്കണം. ദൈവത്തിന്റെ അകിടു ചുരത്തുന്ന വചനം നമുക്കു അനിവാര്യവും പര്യാപ്തവുമാണ്! ആസ്വദിക്കണമെങ്കിൽ അവനോടു ചേർന്നിരിക്കണം. അതു സാധ്യമാണ് അവൻ ദയാലുവാണ്-അവൻ ജീവനുള്ള കല്ലാണ്. നിങ്ങൾക്കും അവനോടു ചേർന്നിരിക്കാം.; അവന്റെ ജീവൻ ആസ്വദിക്കാം! ''ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയഗൃഹമായി ..... പണിയപ്പെടുന്നു." (1 പത്രൊസ് 2:4,5)

വീടുപണിയുന്നവർ തള്ളിക്കളഞ്ഞകല്ലു മൂലക്കല്ലായിത്തീർന്നിരിക്കുന്നു" (സങ്കീ. 118:22) സഭ പണിയപ്പെടുന്നത് യേശു എന്ന മൂലക്കല്ലിന്മേലാണ്

(1 പത്രോസ് 2:7). യെരൂശലേം ദൈവാലയത്തിന്റെ മൂലക്കല്ലിനു ജീവനില്ലായിരുന്നു. തന്നെയല്ല, ജീവ നില്ലാത്ത ആ ദൈവാലയം പൊളിച്ചുകളയുവാൻ എളുപ്പുമായിരുന്നു.

എന്നാൽ ഇതാ ഇവിടെ ഒരു പുതിയ മൂലക്കല്ല്. യെഹൂദന്മാർ തള്ളിക്കളഞ്ഞ യേശുവാകുന്ന മൂല ക്കല്ല്. യുക്തിക്കു നിരക്കാത്തത്. അപ്രായോഗികം എന്നൊക്കെ പറഞ്ഞ് ലോകത്തിന്റെ ജ്ഞാനികളും മതങ്ങളും രാഷ്ട്രങ്ങളും തള്ളിക്കളഞ്ഞ യേശു വെന്ന കല്ല്! ലോകത്തിന് അവനിൽ ജീവൻ ദർശി ക്കാനായില്ല. എന്നാൽ സഭയുടെ പണിയിൽ യേശു ഒരു മൂലക്കല്ലായി പണിതുടങ്ങി. അവനിൽ തുടി ക്കുന്ന ജീവൻ തിരിച്ചറിഞ്ഞ് വെളിമ്പറമ്പിൽ ഉപേ ക്ഷിക്കപ്പെട്ടു കിടന്ന ജീവനില്ലാത്ത കല്ലുകൾ അവ നോടു ചേർന്ന് "ആത്മികഗൃഹ"ത്തിന്റെ ഭാഗമായി. ജീവനുള്ള കല്ലായ അവനോടു ചേർന്നു നിന്ന കല്ലുകളിലേക്കൊക്കെ അവൻ ജീവൻ പകർന്നു! ലോകം വെറുപ്പോടെ നോക്കിയ വിരൂപികളായി രുന്ന നിർജീവ ശിലകൾ ഇപ്പോൾ ക്രിസ്തുവി നോടു ചേർന്നിരുന്ന് അവന്റെ ദയ-ജീവൻ- ആസ്വ ദിക്കുകയാണ്. മതത്തിന്റെ പണികൾ നിർജീവങ്ങ ളാണ്. ലോകത്തിന്റെ പണികൾ നിർജീവമായ ബാബേൽ ഗോപുരമാണ്! എന്നാൽ സഭയുടെ പണി നിർജീവമല്ല. അതൊരു ആത്മീയഗൃഹമാണ്. അതിന്റെ മൂലക്കല്ല് ജീവന്റെ ഉറവിടമാണ്. അതി നോടു ചേർന്നിരിക്കുന്നവരിലേക്കൊക്കെ ആ കല്ല് ജീവൻ പ്രവഹിപ്പിക്കുന്നു! "അവനിൽ വിശ്വസിക്കു ന്നവനു മാന്യത(വില)യുണ്ട്.

ഒരു വിലയുമില്ലാതെ വെളിമ്പറമ്പിൽ കിടന്നി രുന്ന നിർജീവ കല്ലുകൾ ഇപ്പോൾ സ്വർഗീയ ജീവൻ തുടിക്കുന്ന വിലയേറിയ മുത്തുകളാണ്- ലോ ക ത്തേ ക്കാൾ വില യുള്ള മുത്തു കൾ! കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടു ണ്ടല്ലോ!

സ്വർഗസ്ഥദൈവമേ, ഞാനൊരു ശിശുമാത്രം! അവിടുന്നു വചനത്താൽ എന്നെ വീണ്ടെടുത്തു. എന്റെ ജീവനും വളർച്ചയ്ക്കുമായി ഇനി ലോക ത്തിൻനിന്നു ഒന്നും ഞാൻ സ്വീകരിക്കുകയില്ല. എനിക്കാവശ്യം അവിടുന്നു ചുരത്തിത്തരുന്ന വച നത്തിന്റെ ജീവൻ മാത്രം! അങ്ങയെ ആസ്വദിക്കു വാൻ, ജീവനുള്ള കല്ലായ അങ്ങയോടു ചേർന്നി രുന്ന് ജീവൻ പ്രാപിക്കുവാൻ ഞാൻ തീരുമാനിക്കു ന്നു. എന്നിങ്ങനെ പ്രാർത്ഥിക്കുവാൻ ദൈവം കൃപ തരട്ടെ •

## 24 യിസ്രായേൽ ഗൃഹം പണിത സഹോദരിമാർ

ത്തിനായി നിങ്ങളെ ത്രികാല ജ്ഞാനത്തോടെ സൃഷ്ടിച്ചിരിക്കുന്നു

അതുകൊണ്ട് നാം നമ്മെ തന്നെ മറ്റാരോടെ ങ്കിലും താരതമ്യപ്പെടുത്തുമ്പോൾ നാം ദൈവ ത്തോട് പരിഭവിക്കുന്നതിന് തുല്യമാണ്. ദൈവമേ എന്നെ ഈ വിധം സൃഷ്ടിച്ചതെന്ത്? മെനയുന്ന വനോട് കളിമണ്ണ് നീ എന്തുണ്ടാക്കുന്നു എന്ന് ചോദിക്കും പോലെ! (യെശയ്യാവ് 45:9). നിങ്ങളെ തന്നെ സ്നേഹിക്കയും അംഗീകരിക്കയും ചെയ്തുകൊണ്ട്, ദൈവമേ അവിടുന്ന് എന്നെ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിച്ചിരിക്ക കൊണ്ട് ഞാൻ അങ്ങേക്ക് സതോത്രം ചെയ്യുന്നു എന്ന് ഏറ്റുപറയുക.

ഒരാഴ്ചയ്ക്ക് ശേഷം റാഹേലിനെ സ്വന്തമാക്കി എങ്കിലും അവൾക്ക് വേണ്ടി യാക്കോബ് വീണ്ടും ഏഴു വർഷക്കാലം കൂടി കഠിനാധ്വാനം ചെയ്യാം എന്ന് ലാബാന് വാക്ക് കൊടുത്തു. റാഹേൽ അവളുടെ സഹോദരിയായ ലേയയെക്കാൾ സൗന്ദര്യമുള്ളവൾ, എല്ലാവർക്കും പ്രിയങ്കരി. ഒരു ഉന്നതഭാവം അവളിൽ കയറിക്കൂടി എങ്കിൽ സ്വഭാവികം മാത്രം. ചില സ്വഭാവ വൈകല്യങ്ങളും അവളിൽ ഉണ്ടായിരുന്നു.

അപകർഷതാബോധവും ഉന്നതഭാവവും രണ്ടും ഒരുപോലെ അപകടകരം. അതിന്റെതായ പ്രശ്നങ്ങൾ നമ്മെ മാത്രമല്ല മറ്റുള്ളവരെയും ബാധിക്കും. പ്രാർത്ഥനയുടെ ശക്തി ചോർന്നു പോകും, ദൈവകൃപയും അനുഗ്രഹങ്ങളും പ്രാപിക്കുന്നതിന് തടസ്സമായി ഇവ നിലകൊള്ളും. ഉന്നതഭാവം വീഴ്ചയ്ക്ക് ഹേതുവാണ്.

ഇതിൽ ഏതെങ്കിലും നമ്മിലുണ്ടോ എന്ന് സ്വ യപരിശോധന നടത്തി നമ്മെ തന്നെ ക്രമീക രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. •



**നിങ്ങളുടെ**
**സമ്മതിദാനാവകാശം**
**വിവേചനാപൂർവ്വം**
**വിനിയോഗിക്കുക.**

# നേട്ടങ്ങളെക്കാൾ വലുത് വിശ്വസ്തത

എഡിൻബറോയിൽ ഏറെ വർഷങ്ങൾക്കു മുൻപ് നടന്ന ഒരു മിഷനറി കോൺഫറൻസ് ആണ് രംഗം. ജോൺ വില്യംസ് എന്ന പ്രമുഖ മിഷനറി ന്യൂഹെബ്രിഡ്സ് ദ്വീപിലെ ഗോത്ര വർഗക്കാരുടെ ഇടയിൽ നടത്തിയ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ആവേശപൂർവം പ്രസംഗിക്കുന്ന സമയം. കേൾവിക്കാർ നിശ്ശബ്ദതയോടെയാണ് അത് കേട്ടുകൊണ്ടിരുന്നത്. അത്രയ്ക്ക് ശക്തമായ പ്രവർത്തനങ്ങളായിരുന്നു ജോൺ വില്യംസ് അവിടെ നടത്തിയത്.

ഇതേ തുടർന്ന് മിതസ്വരത്തിൽ സംസാരിക്കുന്ന ഒരു മിഷനറി തന്റെ റിപ്പോർട്ട് പങ്കുവയ്ക്കുവാൻ എഴുന്നേറ്റു. ശാന്ത സ്വരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: എനിക്ക് മുൻപ് പ്രസംഗിച്ച ജോൺ വില്യംസ് നടത്തിയതുപോലുള്ള പ്രേഷിത നേട്ടങ്ങളൊന്നും എനിക്ക് പറയുവാനില്ല. ഒരു വിദൂര ദേശത്താണ് ഞാൻ കുറെ വർഷങ്ങളായി പ്രവർത്തിക്കുന്നത്. ചെറിയ തോതിലുള്ള ഫലങ്ങൾ മാത്രമേ എനിക്ക് അവിടെ കാണുവാൻ കഴിഞ്ഞുള്ളൂ. എന്നാൽ എന്റെ ആശ്വാസം ഇതാണ്. യജമാനൻ തന്റെ ദാസന്മാരുടെ വേലയെ വിലയിരുത്തുമ്പോൾ അവിടുന്ന് 'നന്ന്, നല്ലവന് ജയാളിയുമായ ദാസനെ' എന്നല്ലല്ലോ പറയുക. മറിച്ചു 'നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്നാണല്ലോ പറയുന്നത്. ഞാൻ എന്നെ ഭരമേല്പിച്ച ശുശ്രൂഷയിൽ വിശ്വസ്തനായിരുന്നു!

സുവിശേഷ വേലയിൽ നേട്ടങ്ങൾ സന്തോഷകരമാണെങ്കിലും എപ്പോഴും അത് നമുക്ക് നേടാൻ കഴിഞ്ഞില്ലെങ്കിലും ദുഃഖിക്കേണ്ടതില്ല. നാം വിശ്വസ്തതയോടെയാണോ വേല ചെയ്തത് എന്നതാണ് പ്രധാനപ്പെട്ടത്. നമ്മുടെ മനോഭാവമാണ് കർത്താവുനോക്കുക. വിശ്വസ്തന്മാരെയാണ് തന്റെ വേലയ്ക്കു കർത്താവു ആഗ്രഹിക്കുന്നത്. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുമ്പോൾ നമുക്ക് കർത്തൃവേലയിൽ വിശ്വസ്തരാകാം.

വ്യത്യസ്തമായ താലന്തുകളാണ് യജമാനൻ ഓരോ ദാസർക്കും കൊടുത്തതെങ്കിലും അവർ അതിലൂടെ സമ്പാദിച്ച താലന്തുകളുടെ എണ്ണത്തേക്കാൾ അത് എങ്ങനെ വ്യാപാരം ചെയ്തു എന്നാണ് യജമാനൻ നോക്കിയത്. അതെ, നേട്ടങ്ങൾ അൽപ്പം കുറവായിരുന്നാലും വിശ്വസ്തതയോടെയാണ് നാം ദൈവീക ശുശ്രൂഷകൾ ചെയ്യുന്നതെങ്കിൽ അവിടുന്ന് നമ്മെക്കുറിച്ചും 'നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനെ' ....എന്നായിരിക്കും ശ്ലാഘിക്കുക!

എംസി


*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank
**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ 200 രൂപ

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.11.2020

NERVEEDHI - NOVEMBER 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)


Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment
























Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.